Kandanad

Diocesan

# Bulletin

Vol. 12, No. 6, 15 June 2024

എഡിറ്റോറിയൽ

## ജനാധിപത്യവും അധികാര രാഷ്ട്രീയവും

ജനാധിപത്യ സ്വതന്ത്ര ഇന്ത്യ കണ്ട ഏറ്റവും വാശിയേറിയ ലോക്സഭാ തിരഞ്ഞെടുപ്പിനാണ് ഈ കഴിഞ്ഞ ദിവസം തിരശ്ശീല വീണത്. ഇന്ത്യയിലെ മുൻനിര മാധ്യമങ്ങൾ നടത്തിയ അഭിപ്രായ സർവ്വേകളെ എല്ലാം തെറ്റിച്ചുകൊണ്ട് പുറത്തുവന്ന തിരഞ്ഞെടുപ്പ് ഫലം ജനാധിപത്യത്തിലെ മറ്റൊരു കൗതുകമായി എന്നതാണ് വാസ്തവം. കഴിഞ്ഞ 10 വർഷം അധികാരത്തിലിരുന്ന ശ്രീ നരേന്ദ്രമോദിയുടെ ബി.ജെ.പി സർക്കാർ 400 ലധികം സീറ്റ് നേടി അധികാരത്തുടർച്ച സാധ്യമാക്കും എന്ന ഭാരതീയ ജനതാ പാർട്ടിയുടെയും അതിന്റെ നേതാക്കന്മാരുടെയും കണക്കുകൂട്ടലുകൾ തെറ്റിച്ചുകൊണ്ട് ഒരു രാഷ്ട്രീയപാർട്ടിക്കും ഒറ്റയ്ക്ക് കേവല ഭൂരിപക്ഷം ലഭിക്കാത്ത ലോക്സഭയാണ് നിലവിൽ വന്നിരിക്കുന്നത്. ഈ തിരഞ്ഞെടുപ്പുകാലത്ത് ഏറ്റവും അധികം മുഴങ്ങിക്കേട്ട വർഗ്ഗീയ ചേരിതിരിവിന്റെ രാഷ്ട്രീയം ഇന്ത്യൻ ജനത തള്ളിക്കളഞ്ഞു എന്നതും ജനാധിപത്യ മതനിരപേക്ഷ ഇന്ത്യയുടെ സുവർണ്ണ ചരിതം ശക്തമായി തുടരുമെന്ന പ്രഖ്യാപനവും ആയിരുന്നു ഈ തിരഞ്ഞെടുപ്പ് എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. കഴിഞ്ഞ 10 വർഷവും ബി.ജെ.പി സർക്കാരുകളാണ് കേന്ദ്രഭരണം നടത്തിയതെങ്കിൽ ഇപ്പോൾ ശ്രീ നരേന്ദ്രമോദി പ്രധാനമന്ത്രിയായി അധികാരമേറ്റിരിക്കുന്ന കേന്ദ്രസർക്കാർ എൻ.ഡി.എ സർക്കാർ ആണ് എന്ന പ്രത്യേകത കൂടിയുണ്ട്. അധികാരം അടിച്ചേൽപ്പിക്കാതെ ജനാധിപത്യമൂല്യങ്ങളിൽ ഊന്നി നിന്നുകൊണ്ട് ഏകപക്ഷീയമായ അധികാര കേന്ദ്രീകരണത്തെ ചെറുക്കാൻ ഈ മുന്നണി സംവിധാനത്തിന് സാധിക്കും എന്നുവേണം നമുക്ക് കരുതാൻ. ഈ തിരഞ്ഞെടുപ്പ് ഫലം വഴി എന്താണ് ജനാധിപത്യ ഇന്ത്യ രാഷ്ട്രീയപാർട്ടികളിൽ നിന്നും സർക്കാരുകളിൽ നിന്നും അഭിലഷിക്കുന്നത് എന്നത് കൃത്യമായി നിർവചിക്കുന്നുണ്ട്. ഈ ജനവിധിയിൽ നിന്നും പാഠം ഉൾക്കൊണ്ട് 'ഭാരതം' എന്ന മഹാ ആശയത്തെ കോടിക്കണക്കിന് വരുന്ന ഇന്ത്യൻ ജനതയുടെ മനസ്സുകളിലും ജീവിതത്തിലും ജീവിതനിലവാരത്തിലും യാഥാർത്ഥ്യമാക്കാൻ പുതിയ കേന്ദ്ര സർക്കാരിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഈ കഴിഞ്ഞ തിരഞ്ഞെടുപ്പുകാലം ഒരു സാധാരണ തിരഞ്ഞെടുപ്പിന്റെ അന്തരീക്ഷമല്ല ഇന്ത്യയിൽ ഉണ്ടാക്കിയത്. വർഗ്ഗീയ ചേരിതിരിവുകൾ ഉണ്ടാക്കി വോട്ടുപിടിക്കാൻ നടത്തിയ ശ്രമങ്ങളും കർഷക-ജനകീയ സമരങ്ങളെ അമർച്ച ചെയ്ത് ഭരണം തുടരാം എന്ന കേന്ദ്രസർക്കാരിന്റെ നിലപാടുകളും ഇന്ത്യൻ ജനത കൃത്യമായി തിരിച്ചറിഞ്ഞു എന്നതാണ് തിരഞ്ഞെടുപ്പ് ഫലം നൽകുന്ന സൂചന. മണിപ്പൂരിൽ അരങ്ങേറിയ വംശഹത്യയും ഈ തിരഞ്ഞെടുപ്പിന്റെ ഗതി നിർണയിച്ച മറ്റൊരു ഘടകമാണ്. ജനകീയമായ സ്പന്ദനങ്ങളും ക്ഷേമ രാഷ്ട്ര സങ്കൽപ്പത്തിൽ നിന്നുള്ള ഭരണകൂടങ്ങളുടെ വ്യതിചലനവും വർഗ്ഗീയവത്കരിക്കപ്പെടുന്ന രാഷ്ട്രീയവും ഭാരതത്തിലെ സാധാരണ ജനത കൃത്യമായി തിരിച്ചറിഞ്ഞു എന്നത് എടുത്തു പറയേണ്ട കാര്യമാണ്. ജനാധിപത്യവും മതേതരത്വവും അത്രമേൽ ഇവിടെ ആഴത്തിൽ വേരൂന്നിയിട്ടുണ്ട് എന്നതുതന്നെയാണ് ഇതിൽ നിന്ന് നാം മനസ്സിലാക്കേണ്ട പാഠം. ഇത്രയേറെ മതങ്ങളും ഭാഷകളും വർഗ്ഗങ്ങളും സംസ്കാരവും എല്ലാം ഒത്തുചേർന്ന് ഇവിടെ ഒരു രാഷ്ട്രമായി നിലനിൽക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണം ഇന്ത്യ എന്ന സങ്കൽപ്പത്തിന് രൂപം നൽകിയ രാഷ്ട്രശില്പികളുടെ സമർപ്പണവും അധ്വാനവും ഒന്നുകൊണ്ടുമാത്രമാണ്.

രാഷ്ട്രം എന്ന സങ്കൽപ്പത്തെ സ്വാതന്ത്ര ഇന്ത്യയിൽ പ്രതിനിധാനം ചെയ്തത് അത് മുന്നോട്ടുവെച്ച ആശയധാരയുടെ അടിസ്ഥാനത്തിലാണ്, അല്ലാതെ ഏതെങ്കിലും വ്യക്തികളെയോ മതങ്ങളെയോ മുൻനിർത്തിയല്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും

**EDITORIAL BOARD**

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karamel**

*Mg. Editor*
**Mr. P. J. Varghese**

*Members*
**Fr. Marydas Stephen**

**Fr. Alias Kuttiparichel**

**Fr. Shibu Kurian**

**Fr. Binoy John**

**Prof. Dr. M. P. Mathai**

**Mr. A. G. James**

**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**ജനാധിപത്യവും അധികാര രാഷ്ട്രീയവും** ........ 1

**തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം-16** ...... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ഗാന്ധിയൻ അഹിംസ അർത്ഥവും പ്രക്രിയയും** ........ 7
ഡോ. എം. പി. മത്തായി

**ന്യായാധിപന്മാർ** ........ 8
ഫാ. ഏലിയാസ് കെ. വി.

**AI: ഇത് ചാറ്റ് ജിപിടി യോ മറുതലിക്കുന്ന മനുഷ്യബുദ്ധിയോ?** ......... 10
വൈക്കം സനീഷ് ആചാര്യ

**ആരാണ് യഥാർത്ഥ ശിഷ്യൻ?** ........ 11
ഫാ. സിബി മാത്യു വർഗീസ്

**പെന്തക്കോസ്തി പെരുന്നാളും സ്ത്രീകളും....** ........ 14
ജിജി ജോൺസൺ

സർദാർ വല്ലഭായി പട്ടേലും ഡോ. ബി. ആർ. അംബേദ്കറു മെല്ലാം ഈയൊരു സങ്കൽപ്പത്തിന് ജീവൻ നൽകിയവർ ആയതുകൊണ്ടാണ് നാം അവരെ രാഷ്ട്രശില്പികൾ എന്ന് വിളിക്കുന്നത്. ആനുകാലിക ഇന്ത്യൻ രാഷ്ട്രീയം ഇതിന് വിപരീതമായി വ്യക്തികേന്ദ്രീകൃതമായി രാഷ്ട്ര ത്തെയും രാഷ്ട്രീയത്തെയും നിർണയിക്കാനുള്ള ശ്രമങ്ങ ളിലാണ് എന്ന് ഈ തിരഞ്ഞെടുപ്പ് കാലത്ത് മുഴങ്ങിക്കേട്ട മുദ്രാവാക്യങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും. ഇത് ഇന്ത്യയിൽ ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയിൽ മാത്രമാണ് ഉള്ളത് എന്ന് കരുതേണ്ടതില്ല. ഇന്ത്യയിലെ മുഖ്യധാര രാഷ്ട്രീയ പാർട്ടികളിലെല്ലാം ഇന്ന് കാണുന്ന പൊതു പ്രവണതയാണിത്. ആധുനിക ഇന്ത്യൻ ജനാധി പത്യത്തിന്റെ അപചയം തന്നെയാണ് ഇത് സൂചിപ്പിക്കു ന്നത് എന്ന് പറയേണ്ടിവരും.

പാർലമെന്റിനെയും മറ്റ് ജനാധിപത്യ സ്ഥാപനങ്ങ ളെയും ആദരിച്ചുകൊണ്ടുമാത്രമേ ഏതൊരു സർക്കാരിനും ഭരണനിർവഹണം നടത്താനാവൂ. കഴിഞ്ഞ ഡിസംബ റിലെ പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ 146 പ്രതിപക്ഷ എം.പിമാരെയാണ് പാർലമെന്റിൽ പ്രതിഷേ ധിച്ചതിന്റെ പേര് പറഞ്ഞ് സസ്പെൻഡ് ചെയ്തത്. ഇത്ര യധികം പ്രതിപക്ഷ അംഗങ്ങൾ സഭയിൽ ഇല്ലാത്ത സമയ ത്താണ് ഇന്ത്യൻ ശിക്ഷാനിയമത്തിനും ക്രിമിനൽ നടപടി ചട്ടത്തിനും തെളിവ് നിയമത്തിനും ബദലായികൊണ്ടു വന്ന പുതിയനിയമങ്ങൾ പാർലമെന്റിൽ പാസ്സാക്കി എടു ത്തത്. മണിപ്പൂർ കലാപത്തെപ്പറ്റി പ്രധാനമന്ത്രി നരേന്ദ്ര മോദി പാർലമെന്റിൽ നാമമാത്രമായ പ്രസ്താവന നടത്തി യതുപോലും പ്രതിപക്ഷത്തിന്റെ ശക്തമായ പ്രതിഷേധ ത്തിനൊടുവിലാണ്.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട എം.പിമാരുടെ പാർലമെന്ററി പാർട്ടിയോഗത്തിൽ മൂന്നാമതും നേതാ വായി തിരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി പറഞ്ഞത് ശ്രദ്ധേയമാണ്; “ഭൂരിപക്ഷമുണ്ടെങ്കിലും രാജ്യം ഭരിക്കാൻ അഭിപ്രായ ഐക്യം വേണം. ചർച്ച ചെയ്ത് അഭിപ്രായ സമന്വയത്തിലൂടെ തീരുമാനമെടുക്കു കയാണ് എൻ.ഡി.എയുടെ രീതി. സുസ്തിരമായ സർക്കാ രിന് ജനങ്ങളെ ഒരുപോലെ കാണാനാകും”. പാവപ്പെട്ട വരുടെയും സാധാരണക്കാരുടെയും ജീവിതനിലവാരം ഉയർത്താനുള്ള പദ്ധതികൾ പുതിയ സർക്കാർ കൊണ്ടു വരുമെന്നും അദ്ദേഹം പറഞ്ഞു. ഇതെല്ലാം പുതിയ സർ ക്കാർ നൽകുന്ന ശുഭ സൂചനകൾ ആയി വിലയിരുത്താം. ഈ നിലയിൽ പുതിയ എൻ.ഡി.എ സർക്കാരിന്റെ പ്രവർ ത്തന അജണ്ടയിൽ മാറ്റം ഉണ്ടാക്കാൻ ഇടയാക്കിയത് രാഹുൽ ഗാന്ധി നേതൃത്വം നൽകുന്ന ഇന്ത്യാ മുന്നണി യുടെ, ഭരണഘടനയുടെ നിലനിൽപ്പ്, സാധാരണ ജനങ്ങ ളുടെ ജീവൽ പ്രശ്നങ്ങൾ എന്നിവയിൽ ഊന്നിയ ശക്ത മായ പ്രചരണം ആയിരുന്നു. ഭരണത്തിൽ എത്താൻ ആയി ല്ലെങ്കിലും ശക്തമായ പ്രതിപക്ഷം ആകാനുള്ള കെല്പ് അവരും നേടിക്കഴിഞ്ഞു. പുതുതായി രൂപീകരിക്കപ്പെട്ട മോദി മന്ത്രിസഭയും പാർലമെന്റും ഇന്ത്യൻ ജനതയുടെ സ്വപ്നങ്ങൾക്ക് ചിറക് നൽകട്ടെ എന്ന് ആശംസിക്കുന്നു.

***ഫാ. എബ്രഹാം കാരാമ്മേൽ***

# തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം-16

**പ**ഴയനിയമവെളിപാട് സഭയ്ക്ക് ആധികാരികമാണ് എന്നും അവിടെ വെളിപ്പെട്ട ദൈവം തന്നെയാണ് ക്രിസ്തുവിൽ വെളിപ്പെട്ടത് എന്നുമുള്ള വസ്തുത തിരുവെഴുത്തുകൾ, ഭാഷാശാസ്ത്രം, പിതാക്കന്മാരുടെ രചനകൾ, വിശ്വാസപ്രമാണങ്ങൾ, വിശ്വാസപാരമ്പര്യങ്ങൾ എന്നിവയുടെ പിൻബലത്തോടെ നാം മനസ്സിലാക്കിക്കഴിഞ്ഞു. സുറിയാനിസഭയുടെ വേദശാസ്ത്രം ഈ തിരിച്ചറിവിനോടു പൊരുത്തപ്പെടുന്നുണ്ടോ എന്ന കാര്യം കൂടെ അന്വേഷിക്കേണ്ടതുണ്ട്. കാരണം, സുറിയാനിസഭാവേദശാസ്ത്രം ഈ കാര്യം നിഷേധിക്കുന്നു എന്ന പേരിലാണ് ഈ വാദം സമീപകാലത്ത് ഉയർന്നുവന്നത്.

സുറിയാനിസഭ നവീകരണ സഭകളിലേതുപോലെ ക്രോഡീകരിക്കപ്പെട്ട വേദശാസ്ത്രമോ (systematic Theology) കത്തോലിക്കാസഭയിലേതുപോലെ സൈദ്ധാന്തികവേദശാസ്ത്രമോ (Dogmatic Theology) രൂപപ്പെടുത്തിയിട്ടില്ല. അതിന്റെ വേദശാസ്ത്രം പിതാക്കന്മാരുടെ രചനകളിലും ആരാധനക്രമങ്ങളിലുമാണ് കണ്ടെത്താനാകുന്നത്. സുറിയാനി പിതാക്കന്മാർ മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച് സമഗ്രമായ പഠനങ്ങൾ നടത്തിയതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആരാധനക്രമങ്ങളിൽ പല ഭാഗങ്ങളിലും ഈ കാര്യം സംബന്ധിച്ച പരാമർശങ്ങൾ കണ്ടെത്താനാവും. സുറിയാനിസഭയുടെ ആരാധനക്രമങ്ങൾ മുഴുവനായും ഈ പഠനത്തിന് വിധേയമാക്കുവാൻ ശ്രമിക്കുന്നില്ല. പീഡാനുഭവ ആഴ്ചയിലെ പ്രുമിയോൻ-സെദ്റാകളും ആരാധനക്രമവും മാത്രം പഠനമേഖല (area) യായി പരിമിതപ്പെടുത്തുകയാണ്.

ഈ വിഷയം സംബന്ധിച്ച പരാമർശങ്ങൾ ഉള്ള പീഡാനുഭവ ആഴ്ചയിലെ പ്രാർത്ഥനാഭാഗങ്ങളിൽ ചിലതുമാത്രം വിശകലനത്തിനും പഠനത്തിനുമായി ചേർക്കുന്നു.

'സകലതും സൃഷ്ടിച്ച പിതാവാംദൈവമേ, നീ മനുഷ്യസ്നേഹത്തെപ്രതി യിസ്രായേലാകുന്ന മുന്തിരിത്തോട്ടത്തെ നട്ടുണ്ടാക്കുകയും മോശെകന്യായപ്രമാണമാകുന്ന വേലി അതിനു ചുറ്റും കെട്ടുകയും ന്യായപ്രമാണബലികളെ പൂർണ്ണമാക്കുന്ന ആചാര്യസ്ഥാനമാകുന്ന ചക്കിനെ അതിൽ സ്ഥാപിക്കുകയും ചെയ്തു. രഹസ്യകാര്യങ്ങളെ കാണുന്ന ദീർഘദർശനമാകുന്ന ഉയർന്ന ഗോപുരം അതിൽ നീ പണിയുകയും ഉപദേശങ്ങളും ശാസനകളും ശിക്ഷകളും കൊണ്ട് അതിനെ പരിചരിച്ചു സംരക്ഷിക്കാൻ ആചാര്യന്മാരും സപ്രേന്മാരും ആയ വേലക്കാരെ ഭരമേല്പിക്കുകയും ചെയ്തു' (തിങ്കൾ രാത്രിയുടെ മൂന്നാം കൗമ; സെദ്റ, p. 8).

ഇവിടെ പ്രപഞ്ചത്തെ സൃഷ്ടിക്കുകയും യിസ്രായേലിനെ തിരഞ്ഞെടുക്കുകയും അവർക്ക് ന്യായപ്രമാണം പ്രദാനം ചെയ്യുകയും ബലികളും അനുഷ്ഠാനങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുകയും ശിക്ഷകൾ പ്രഖ്യാപിക്കുകയും പൗരോഹിത്യക്രമങ്ങൾ രൂപപ്പെടുത്തുകയും ചെയ്തത് പിതാവാംദൈവമാണെന്ന് പറയുന്നു. പഴയനിയമപ്രകാരം ഇതെല്ലാം പ്രവർത്തിച്ചത് യഹോവയായ ദൈവമാണ്.

അതായത് പിതാവാംദൈവത്തെ യഹോവയായ ദൈവവുമായി അനുരൂപമാക്കുക (identify) യാണ് ചെയ്തിരിക്കുന്നത്. അതായത് സുറിയാനിസഭയുടെ ആരാധനക്രമപ്രകാരം പഴയനിയമത്തിലെ യഹോവയും പുതിയനിയമത്തിൽ ക്രിസ്തു വെളിപ്പെടുത്തിയ പിതാവാംദൈവവും വ്യത്യസ്തരല്ല എന്ന് ഇവിടെ സൂചിപ്പിക്കുന്നു.

ഇതിനോട് സദൃശ്യമായ പ്രാർത്ഥനകൾ വീണ്ടും നാം കണ്ടെത്തുന്നു:

'ദൈവമേ, നിനക്കിഷ്ടം തോന്നി യിസ്രായേലാകുന്ന ജ്ഞാനമുന്തിരിത്തോട്ടത്തെ ഭൂമിയിൽ പുഷ്ടിയുള്ള സ്ഥലത്ത് കൃപ മൂലം നീ നട്ടുണ്ടാക്കി . നിന്റെ നീതിയാൽ ന്യായപ്രമാണമാകുന്ന വേലി അതിനു ചുറ്റും കെട്ടുകയും നിന്റെ കരുണയാൽ കല്പനകളുടെ ആചരണമാകുന്ന ഗോപുരത്തെ അതിൽ പണിയുകയും നിന്റെ കൃപയാൽ ബലികളുടെയും പാനീയകാഴ്ചകളുടെയും ബലിപീഠമാകുന്ന ചക്കിനെ അതിൽ സ്ഥാപിക്കുകയും ചെയ്തു . നിന്റെ കരുണ മൂലം ജീവന്റെ ഉപദേശങ്ങളാകുന്ന മഴയെ അതിൽ വർഷിപ്പിക്കുവാൻ ദീർഘദർശിമാരെ നിയോഗിക്കുകയും ചെയ്തു. നിന്റെ ഇഷ്ടം പോലെ അതിൽ വേല ചെയ്യുവാനായിട്ട് സൊപ്രേന്മാരും പട്ടക്കാരുമായ വേലക്കാർക്ക് അതിനെ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തു' (തിങ്കൾ രാത്രി രണ്ടാം കൗമ; പ്രുമിയോൻ, p. 11).

ഇവിടെ പിതാവാംദൈവം ബലിപീഠത്തെ സ്ഥാപിച്ച് പട്ടക്കാരെയും ഉപദേശങ്ങൾ നൽകാൻ പ്രവാചകന്മാരെയും നിയോഗി

ച്ചതും പരാമർശിക്കുന്നുണ്ട്. പഴയ നിയമത്തിലെ എല്ലാവിധ മതക്രമീകരണങ്ങളും ഉണ്ടായത് പിതാവാം ദൈവത്തിന്റെ നിർദ്ദേശപ്രകാരമാണ് എന്നു പറയുന്നതിലൂടെ പഴയനിയമത്തെയും യഹോവയായ ദൈവത്തെയും പിതാവാം ദൈവമായി സുറിയാനിസഭ അംഗീകരിക്കുന്നതായിട്ടാണ് നാം മനസ്സിലാക്കേണ്ടത്. വീണ്ടും തിങ്കൾ പ്രഭാതത്തിലെ സെദ്റയിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു: 'ആദ്യജാതനും വത്സലനും എന്നു വിളിക്കപ്പെട്ട വിശിഷ്ടവും ആന്തരികവുമായ ആ തോട്ടത്തിനു ചുറ്റും ന്യായപ്രമാണമാകുന്ന വേലി കെട്ടി ഉറപ്പിക്കുകയും ന്യായപ്രമാണസംബന്ധവും നിഴലുമായ പുരോഹിതകർമ്മങ്ങളാകുന്ന ചക്ക് അതിൽ നീ കുഴിച്ചിടുകയും അതിൽ നിന്റെ വിശുദ്ധ ഉടമ്പടിയാകുന്ന ഉന്നതഗോപുരം പണിയുകയും ദീർഘദർശിമാരാകുന്ന മഴകൊണ്ട് അതിനെ നനച്ചു വളർത്തുകയും ഉപദേശങ്ങളും സത്പ്രവൃത്തികളും കൃഷി ചെയ്യപ്പെട്ട് സത്ഫലങ്ങൾ നൽകുന്നതിനായി അതിനെ ജനത്തിലെ സപ്രേന്മാരാകുന്ന സാമർത്ഥ്യമുള്ള വേലക്കാരെ ഏൽപ്പിക്കുകയും ചെയ്തു'.

പുത്രനും പഴയനിയമത്തിൽ അജ്ഞാതനായിരുന്നില്ല. പുത്രന്റെ സാന്നിദ്ധ്യവും പഴയനിയമത്തിൽ കണ്ടെത്തുന്നതായി ആരാധനക്രമം സാക്ഷിക്കുന്നു: 'നിന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുവാൻ ഇറങ്ങിവന്ന നിന്റെ രഹസ്യത്താൽ ഇസഹാക്ക് അവന്റെ പിതാവിനാൽ അറുക്കപ്പെടുവാനുള്ള കുഞ്ഞാടുപോലെ കൂട്ടിക്കൊണ്ടുപോകപ്പെട്ടു. ബലി കഴിക്കപ്പെടുവാനായിട്ട് ഊർശ്ലേമിലേക്ക് നീ പ്രവേശിച്ചപ്പോൾ ഇസഹാക്ക് കഴുതമേൽ കരേറിയ പ്രകാരം നിന്റെ സൂചനയാൽ അവൻ കഴുതപ്പുറത്തു കയറിപ്പോയി. കുരിശുമരവും വഹിച്ച് നീ ഗോഗുൽത്തായിലേക്ക് കരേറിയതുപോലെ ഇസഹാക്ക് നിന്റെ സൂചനയാൽ വിറകുകൾ വഹിച്ച് പർവ്വതത്തിലേക്ക് കരേറിപ്പോയി. കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീങ്ങിപ്പോകണമെന്ന് നീ നിന്റെ പിതാവിനോട് അപേക്ഷിച്ച പ്രകാരം നിന്റെ സൂചനയാൽ ബലിക്കുള്ള ആട്ടിൻകുട്ടി എവിടെയെന്ന് ഇസ്സഹാക്ക് അവന്റെ പിതാവിനോടു ചോദിച്ചു'. (ചൊവ്വ രാത്രി മൂന്നാം കൗമ; സെദ്റ, p. 48, 49).

മരുഭൂമിയിൽ ഉയർത്തപ്പെട്ട പിത്തളസർപ്പം പുത്രന്റെ സാന്നിദ്ധ്യവും ക്രൂശാരോഹണത്തിന്റെ പ്രതീകവും ആയിരുന്നു. ബുധനാഴ്ച രാത്രി മൂന്നാം കൗമ സെദ്റയിൽ ഇപ്രകാരം പറയുന്നു: 'കഠിനമായി ഉപദ്രവിക്കപ്പെട്ടിരുന്നവരുടെ സൗഖ്യത്തിനായി പാളയത്തിൽ മരത്തിന്മേൽ മോശ തൂക്കിയതായ പിത്തള സർപ്പം നിന്നെ രൂപീകരിച്ചു'. അതായത് പുത്രന്റെ സാന്നിദ്ധ്യം പിതാവിനോടൊരുമിച്ച് പഴയനിയമത്തിൽ ഉണ്ട് എന്നതാണ് ഇവിടെ വ്യക്തമാകുന്നത്. എന്നാൽ സാന്നിദ്ധ്യം മാത്രമല്ല പിതാവിനോടൊപ്പം പുത്രനും വെളിപാടിന്റെ കേന്ദ്ര (subject) മായി പ്രവർത്തിക്കുന്നതായി നാം വായിക്കുന്നു.

'മരണമില്ലായ്മയെ നേടിയിരിക്കുന്ന ദൈവമേ, നിന്റെ കഷ്ടാനുഭവങ്ങളാൽ ഞങ്ങളുടെ കഷ്ടതകളെ മായിക്കുവാനും നിന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ മറയ്ക്കുവാനുമായി ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ബഹുലമായ നിന്റെ സ്നേഹത്താലും നല്ല മനസ്സാലും കഷ്ടതയ്ക്കും മരണത്തിനും നീ എഴുന്നെള്ളിവരികയും യഹൂദജനത്തിൽ നിന്ന് അപമാനവും അധിക്ഷേപവും പരിഹാസവും സഹിക്കുകയും ചെയ്തു. എല്ലാവർക്കും വിധികർത്താവായിരിക്കുമ്പോൾ ഒരു കുറ്റക്കാരനെപ്പോലെ നാടുവാഴിയായ പീലാത്തോസിന്റെ മുമ്പാകെ നിൽക്കുകയും വിസ്തരിക്കപ്പെടുകയും ഒരു ദ്രോഹിയെപ്പോലെ കൊലയ്ക്കായി ഏൽപ്പിക്കപ്പെടുകയും ചെയ്തു (ചൊവ്വ മദ്ധ്യാഹ്നം; സെദ്റ, p. 59, 60).

ആദമിനെ സൃഷ്ടിച്ചതും മാലാഖമാർക്ക് സഖിയാക്കിത്തീർത്തതും ഏദനെ അവകാശമാക്കിയതും ഭൂമിയിൽ സകലത്തിനും അധിപതി ആക്കിയതും പിതാവിനോടൊപ്പം പുത്രനും കൂടിയാണ് എന്നും പ്രാർത്ഥനയിൽ നാം വായിക്കുന്നു. 'ഭൂമിയിലെ രാജാവായി ആദ്യമനുഷ്യനായ ആദമിനെ മേടമാസം ആറാം തീയതി വെള്ളിയാഴ്ച നീ സൃഷ്ടിച്ചു. അവൻ മഹിമയോടെ ഉല്ലസിക്കുവാനും മാലാഖമാർക്ക് ചാർച്ചക്കാരനാകുവാനും നീ അവനെ പറുദീസയിൽ വാഴിച്ചു. വെള്ളിയാഴ്ച പ്രഭാതത്തിൽ നീ അവനെ ഏദന്റെ അവകാശിയാക്കി. ഭൂമിയിലുള്ള സകലത്തിന്റെയും ആധിപത്യം അവനു നൽകി. എന്നാൽ മൂന്നുമണിക്ക് മോഹനീയമായ പഴത്തിന്റെ അടുക്കലേയ്ക്ക് മൂഢതയാൽ അവൻ അടുത്തു ചെന്ന് വെമ്പലോടെ അതു ഭക്ഷിച്ച് നഗ്നനായി തീർന്നു. 'ആദമേ, ആദമേ, ആദമേ നീ എവിടെ ആകുന്നു' എന്ന് ഒരു ഗംഭീരശബ്ദം കേട്ട് 'എന്റെ നാഥാ നിന്റെ ശബ്ദം കേട്ടിട്ട് ഞാൻ ഒളിച്ചിരിക്കുകയാണ്' എന്ന് മുഖലജ്ജയോടെ അവൻ ഉത്തരം പറഞ്ഞു (വെള്ളി ഒൻപതാം മണി; സെദ്റ, p. 165, 166).

പിതാവും പുത്രനും ചേർന്നാണ് ഭൂമിയുടെ സൃഷ്ടി നടത്തിയത് എന്ന് വെളിപ്പെടുത്തുന്നു. ചൊവ്വ രാത്രി മൂന്നാം കൗമയുടെ സെദ്റയിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു: 'നിന്റെ പിതാവിനോടൊരുമിച്ച് ഭൂമിയുടെ അടിസ്ഥാനങ്ങളെ ഉറപ്പിച്ച പ്രകാരം നിന്റെ സൂചനയാൽ പിതാവിനോടു കൂടി ബലിപീഠം പണിതുണ്ടാക്കി'.

സമാനമായി കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരക്രമത്തിലും വായിക്കുന്നു:

'ഇന്നേദിവസം ആദമിനെ പൊടിമണ്ണിൽ നിന്ന് മെനഞ്ഞുണ്ടാക്കിയ തൃക്കൈ സ്കീപ്പാമേൽ ആണിയാൽ തറയ്ക്കപ്പെട്ടു' (വെള്ളി പ്രഭാതം, p. 215).

'പറുദീസയിൽ വെച്ച് ആദമിനെയും ഹവ്വയെയും താൻ പ്രകാശവസ്ത്രങ്ങൾ ധരിപ്പിച്ചു. ആദമിന്റെ മക്കൾ തന്റെ വസ്ത്രങ്ങൾ വിഭജിക്കുകയും പറുദീസയിലെ ഭാഗ്യങ്ങൾക്കു പകരം തന്റെ കുപ്പായത്തിനായി ചീട്ടിടുകയും ചെയ്തു' (വെള്ളി മൂന്നാംമണി, p. 221). 'ആദമിനു വസ്ത്രം ഉണ്ടാക്കിക്കൊടുത്തവനെ അശുദ്ധന്മാർ പരിഹാസവസ്ത്രം ധരിപ്പിച്ചു. ആദമിനെ മരണത്തിൽ നിന്നു സ്വാതന്ത്ര്യപ്പെടുത്തിയവന് അവർ മുൾക്കിരീടം ഉണ്ടാക്കിക്കൊടുക്കുകയും ശപിക്കപ്പെട്ട ദാസൻ ചെകിട്ടത്തടിക്കുകയും ചെയ്തു' (വെള്ളി നാലാം കൗമ, p. 206). അതായത് പുത്രൻ തന്നെയാണ് സൃഷ്ടിയിൽ പിതാവിനോടൊപ്പം സന്നിഹിതനായി സൃഷ്ടിയിലും ചരിത്രത്തിലും ഇടപെടുന്നത്. ഇവിടെ യഹോവയെ പുത്രനായും അനുരൂപമാക്കുക (identify) യാണ് ചെയ്തിരിക്കുന്നത്.

പരിശുദ്ധാത്മാവിനെയും യഹോവയായി ആരാധനക്രമത്തിൽ അനുരൂപമാക്കുന്നുണ്ട്. 'ശ്രേഷ്ഠതയിൽ മഹത്വമുള്ളവനും ആലോചനകളിൽ അറുതിയില്ലാത്തവനും പ്രബലനും കൃപാബഹുത്വത്തിൽ ഉന്നതനും ജ്ഞാനധനത്തിൽ മഹോന്നതനും ഉണ്മയുടെ സൗന്ദര്യത്തിൽ വിസ്മയനീയനും തന്റെ തേജസ്സിന്റെ പ്രഭയാൽ സൃഷ്ടിയെ അലങ്കരിക്കുകയും ഭൂലോകത്തെ മഹത്വത്തിന്റെ അങ്കി ധരിപ്പിക്കുകയും ചെയ്ത നിർമ്മാതാവും തന്റെ നിത്യജ്ഞാനത്താൽ സകലത്തെയും സൃഷ്ടിക്കുകയും തന്റെ ആദ്യന്തമില്ലാത്ത ജ്ഞാനത്താൽ ആകാശത്തെ വിരിക്കുകയും ചെയ്ത സ്രഷ്ടാവും നീയാകുന്നു. അബ്രഹാമിന്റെ പുത്രിയായ നിരസിക്കപ്പെട്ട മണവാട്ടിയായ സഭയെ അലങ്കരിക്കുവാനായിട്ട് നിന്റെ പിതാവിനോടും പരിശുദ്ധറൂഹായോടും കൂടി മോശയ്ക്ക് ന്യായപ്രമാണം കൊടുത്തിട്ടുള്ളവൻ നീയാകുന്നു'. (കഷ്ടാനുഭവ ആഴ്ച ചൊവ്വ സൂത്താറ, സെദ്റ, p. 40).

മനുഷ്യന്റെ സൃഷ്ടിയിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഉണ്ടായതായി ഉള്ള സൂചനകൾ ശ്രദ്ധിക്കുക. 'നിന്ദ്യമായ മണ്ണിൽ നിന്നും തിരുമുമ്പാകെ സ്തുതിപാഠകരായി ഞങ്ങളെ നിർത്തിയ നിന്റെ പരിശുദ്ധറൂഹായെ ഞങ്ങൾ പുകഴ്ത്തുന്നു' (വെള്ളി ഒൻപതാം മണി സെദ്റ, p. 165).

കൂടാതെ പഴയനിയമത്തിലെ 'യഹോവ' എന്ന പദപ്രയോഗം സുറിയാനിസഭയിലെ ആരാധനക്രമങ്ങളിൽ ഇല്ല എന്ന വാദവും ശരിയല്ല. സുറിയാനിസഭയുടെ ആരാധനക്രമങ്ങളിൽ സങ്കീർത്തനങ്ങൾ ഉൾപ്പെടെയുള്ള പഴയനിയമഭാഗങ്ങളിൽ ഈ പദം നിരവധി തവണ വരുന്നുണ്ട്. അവിടെ ഗ്രീക്ക് പഴയനിയമതർജ്ജമ അടിസ്ഥാനമാക്കി 'യഹോവ' എന്ന എബ്രായ പദത്തിനു പകരം കർത്താവ്/ ദൈവം എന്ന നാമം ഉപയോഗിക്കുന്നു എന്നു മാത്രം. എന്നിട്ടും വിശുദ്ധ കുർബാനയിലെ post communion ഭാഗം ആരംഭിക്കുന്നത്' യഹോവ എൻറെ ഇടയനാകുന്നു' എന്ന 23-ാം സങ്കീർത്തനം ആലപിച്ചുകൊണ്ടാണ് എന്ന് ഓർക്കുക.

സുറിയാനിസഭയുടെ ആരാധനയുടെ വിശകലനത്തിൽ നിന്നും രണ്ടു കാര്യങ്ങൾ വ്യക്തമാകുന്നു.

1. പുതിയനിയമത്തിലെ പിതാവ്, പുത്രൻ, പരിശുദ്ധറൂഹാ എന്നീ ആളത്തങ്ങൾ തന്നെയാണ് പഴയനിയമത്തിൽ യഹോവ എന്ന പേരിൽ സൃഷ്ടിയിലും യിസ്രായേലിന്റെ ചരിത്രത്തിലും ഇടപെട്ടതും വെളിപ്പെട്ടതും. അതുകൊണ്ട് പുതിയ-പഴയനിയമ വെളിപാടുകളിലെ ദൈവാളത്തങ്ങളുടെ സ്വത്വ ഐക്യവും (unity of identity) ഇരു വെളിപാടുകളുടെയും ബന്ധവും പാരസ്പര്യതയും സംബന്ധിച്ച് തർക്കമില്ല എന്ന നിഗമനത്തിൽ എത്തുന്നു.

2. പഴയനിയമവെളിപാടിൽ പിതൃ-പുത്ര പരിശുദ്ധറൂഹായുടെ സാന്നിദ്ധ്യവും ഇടപെടലും ഉണ്ടായിരുന്നു എന്നത് സുറിയാനിസഭയുടെ ആരാധനക്രമം സാക്ഷിക്കുന്നതുകൊണ്ട് അവിടെ ത്രിത്വദർശനസാദ്ധ്യത ദൃശ്യമാകുന്നു എന്ന് സൂചിപ്പിക്കുന്നു. പിതാവ്, പുത്രൻ, പരിശുദ്ധറൂഹാ എന്നീ ദൈവ ആളത്തങ്ങളിൽ ഓരോന്നും യഹോവ എന്ന പേരിൽ ആണ് അന്ന് അറിയപ്പെട്ടിരുന്നത് എന്നു മാത്രം. അതായത് സഭ പിതാവിനെയും പുത്രനെയും പരിശുദ്ധറൂഹായെയും വ്യക്തിപരമായി ദൈവം എന്ന പദം കൊണ്ട് വ്യവഹരിക്കുന്നതുപോലെ പഴയനിയമത്തിൽ ഈ ആളത്തങ്ങൾ ഓരോന്നും യഹോവ (ഡോണായ്) എന്ന പേരുകൊണ്ട് വ്യവഹരിച്ചിരിക്കുന്നു എന്നു വ്യക്തം.

അതുപോലെ പിതൃ-പുത്ര-പരിശുദ്ധറൂഹായുടെ സംയുക്തത്തെയും സഭ ദൈവം എന്ന പൊതു നാമം (generic name) കൊണ്ട് സൂചിപ്പിക്കുന്നതുപോലെ പഴയനിയമത്തിലെ ദൈവാളത്തസംയുക്തത്തെ യഹോവ എന്ന പേരിൽ ഉപയോഗപ്പെടുത്തിയിരുന്നു. അതായത് യഹോവ എന്ന ദൈവനാമം ഒരേ സമയം തന്നെ വ്യക്തിഗത ദൈവനാമമായും ദൈവികകൂട്ടായ്മയുടെ പേരായും അറിയപ്പെടുന്നു. അതുകൊണ്ട് യഹോവ എന്ന നാമം ത്രിത്വത്തിലെ ഏത് ആളത്തം എന്ന തർക്കവും പഴയനിയമതിരുവെഴുത്തിലും പുതിയനിയമതിരുവെഴുത്തിലും വെളിപ്പെടുന്ന ദൈവങ്ങൾ വ്യത്യസ്തമെന്ന സംശയവും അവസാനിക്കുന്നു.

പഴയനിയമത്തെ ആദിമ

സഭയും സഭാപിതാക്കന്മാരും ആരാധനക്രമവും മനസ്സിലാക്കുന്നതും വ്യാഖ്യാനിക്കുന്നതും പുതിയനിയമവെളിപാടിന്റെ അടിസ്ഥാനത്തിലും അതിന്റെ വ്യാഖ്യാനം മാനദണ്ഡമാക്കിയുമാണ്. ഇത് സഭയുടെ പൊതുവായ കാഴ്ചപ്പാടാണ്. പഴയനിയമതിരുവെഴുത്തുകളിൽ നിന്നും സ്വതന്ത്രമായ ക്രിസ്തുവെളിപാടും പഴയനിയമത്തിന് അന്യമായ പുതിയനിയമ തിരുവെഴുത്തുകളും യിസ്രായേലിനോടു ബന്ധമില്ലാത്ത ക്രിസ്തീയസഭയും സഭയുടെ വിശ്വാസത്തിനും പാരമ്പര്യത്തിനും വേദശാസ്ത്രത്തിനും വിരുദ്ധമാണ് എന്ന നിഗമനത്തിലാണ് ഈ ചർച്ചയിലൂടെ നാം എത്തിച്ചേരുന്നത്. ക്രിസ്തുസംഭവമാണ് പഴയനിയമത്തിന്റെ വ്യാഖ്യാനതത്ത്വം (hermeneutical principle). യേശു പഴയനിയമത്തെ കണ്ടതിന്റെയും ആദിമസഭ പഴയനിയമത്തെ തിരുവെഴുത്തായി മനസ്സിലാക്കിയതിന്റെയും അടിസ്ഥാനത്തിൽ ആകണം പഴയനിയമത്തെയും പഴയനിയമ ദൈവത്തെയും മനസ്സിലാക്കേണ്ടത്. പഴയനിയമത്തിലെ പ്രവചനങ്ങൾ, സംഭവങ്ങൾ എന്നിവയുടെ മൂല പശ്ചാത്തലത്തിൽ (original context) നിന്നും ആശയവികസനം സംഭവിച്ചു എന്നതിൽ തർക്കമില്ല.

ഈ പ്രതിഭാസം സഭയിലും തുടർന്നു നടക്കുന്നു. ത്രിത്വത്തെ സംബന്ധിച്ച പുതിയനിയമത്തിലെ ചിത്രമല്ല ആദ്യത്തെ മൂന്നു എക്യുമെനിക്കൽ കൗൺസിലുകൾ കഴിഞ്ഞപ്പോൾ ഉണ്ടായിരുന്നത്. സുറിയാനിസഭ ആ വിഷയങ്ങൾ സംബന്ധിച്ച് വ്യക്തത കാണുന്നത് മാർ സേവേറിയോസിന്റെയും ഫിലക്സിനോസിന്റെയും രചനകളിലാണ്. പരിശുദ്ധാത്മാവിന്റെ സ്വാധീനത്തിൽ ആശയവളർച്ച ഉണ്ടായിക്കഴിയുമ്പോൾ മൂലപശ്ചാത്തലത്തിലെ (original context) തിരുവചനഭാഗങ്ങൾ അതിനു വിധേയമായി മനസ്സിലാക്കാൻ ശ്രമിക്കണം. അതുപോലെ വ്യക്തിപരമായ കാഴ്ചപ്പാടുകൾക്ക് ഓരോ കാലത്തെയും മൂല്യവ്യവസ്ഥക്കൾക്കും അനുസൃതമായി തിരുവെഴുത്തുകളെ വ്യാഖ്യാനിച്ച് നിഗമനങ്ങളിൽ എത്താനുള്ള സ്വാതന്ത്ര്യം സഭാവിശ്വാസം അനുവദിക്കുന്നില്ല. പഴയനിയമ-പുതിയനിയമ വെളിപാടുകളുടെ ലിഖിതരൂപമാണ് പഴയനിയമ-പുതിയനിയമ തിരുവെഴുത്തുകൾ. അത് സഭാവിശ്വാസത്തിന്റെ ആധാരവും അവയുടെ ഐക്യവും ആധികാരികതയും അനിഷേധ്യവുമാണ്.

*(അവസാനിച്ചു)*

സസ്നേഹം

നിങ്ങളുടെ
അത്താനാസിയോസ് തോമസ്
മെത്രാപ്പോലീത്ത

**മർത്തമറിയം വനിതാ സമാജം വാർഷിക പൊതുയോഗം**

കണ്ടനാട് ഈസ്റ്റ് ഭദ്രാസന മർത്തമറിയം വനിതാസമാജം വാർഷിക പൊതുയോഗം 25.5.2024 കൂത്താട്ടുകുളം വടകര സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിൽ നിന്നുമുള്ള സമാജാംഗങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയ ഗാനശുശ്രൂഷയോടെ സമ്മേളനം ആരംഭിച്ചു.

ഇടവക മെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ സമാജം വൈസ് പ്രസിഡന്റ് റവ. ഫാ. ഏലിയാസ് ജോൺ മണ്ണാത്തിക്കുളം അധ്യക്ഷൻ ആയിരുന്നു. സമാജം വടകര മേഖല പ്രസിഡൻറ് റവ.ഫാ. അജീഷ് ബാബു സ്വാഗതം ആശംസിച്ചു. അഭി. തിരുമേനി 'അപ്പോസ്തോല പ്രവൃത്തികൾ 5:1-11' വരെയുള്ള വാക്യങ്ങളെ ആസ്പദമാക്കി വേദപഠനം നടത്തി. പഴയ സെമിനാരി മുൻ പ്രിൻസിപ്പാൾ റവ. ഫാ. ഡോ. ജേക്കബ് കുര്യൻ 'സ്വർഗ്ഗത്തിലെ മാലാഖമാരും കുടുംബത്തിലെ മാലാഖമാരും-ഒരു സ്ത്രീപക്ഷ വീക്ഷണം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു. തുടർന്ന് എല്ലാ യൂണിറ്റ് സെക്രട്ടറിമാരും വൈദികരും ചേർന്ന് പ്രാർത്ഥനാഗാനം ആലപിച്ചു.

ഭദ്രാസന സമാജം ജനറൽ സെക്രട്ടറി മിനി ജോസഫ് പ്രവർത്തന റിപ്പോർട്ടും ട്രഷറർ അൽസാ തമ്പി വരവ്-ചിലവ് കണക്കും നിമ്മി ബിജു ഓഡിറ്റ് റിപ്പോർട്ടും യോഗത്തിൽ അവതരിപ്പിച്ചു.

ഭദ്രാസനത്തിലെ ഏറ്റവും മികച്ച കർഷകക്കുള്ള 'കർഷക യോഷിത 2024' അവാർഡ് ഇടുക്കി സെന്റ് മേരിസ് പള്ളി സമാജാംഗമായ ശ്രീമതി മേരിക്കുട്ടി ജോർജ് കരസ്ഥമാക്കി. ഏറ്റവും മികച്ച സമാജത്തിനുള്ള അവാർഡും എവർ റോളിംഗ് ട്രോഫിയും കണ്ണ്യാട്ട് നിരപ്പ് സെന്റ് ജോൺസ് പള്ളി സമാജം നിലനിർത്തി. 2-ാം സ്ഥാനം മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രൽ പള്ളി സമാജവും 3-ാം സ്ഥാനം പാലക്കുഴ സെന്റ് ജോൺസ് പള്ളി സമാജവും കരസ്ഥമാക്കി. മുൻ സമാജം സെക്രട്ടറി ശ്രീമതി തങ്കമ്മ ഡാനിയേലിന്റെ സ്മരണക്കായി മക്കൾ ഏർപ്പെടുത്തിയ എവർറോളിംഗ് ട്രോഫി ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ പാങ്കോട് സെന്റ് ജോൺസ് സമാജത്തിന് ലഭിച്ചു. തുടർന്ന് സമാജം മേഖലാ ഭാരവാഹികൾ ആശംസകൾ നേർന്ന് സംസാരിച്ചു. സമാജം പിറവം മേഖല പ്രസിഡന്റ് റവ. ഫാ. ഏലിയാസ് ചെറുകാട്ട് അവതാരകനായിരുന്നു. വിവിധ ദേവാലയങ്ങളിൽ നിന്നായി 300 ഓളം പ്രതിനിധികളും 20 ഓളം വൈദികരും യോഗത്തിൽ പങ്കെടുത്തു. 3.30 ന് ആശീർവാദത്തോടെ യോഗം പര്യവസാനിച്ചു.

പ്രതികരണം

# ഗാന്ധിയൻ അഹിംസ അർത്ഥവും പ്രക്രിയയും

ഡോ. എം. പി. മത്തായി

*കഴിഞ്ഞ ലക്കം തുടർച്ച...*

അഹിംസയുടെ സൂക്ഷ്മതലങ്ങളെ അവധാനതയോടെ മനസ്സിലാക്കാൻ ശ്രമിച്ച ഗാന്ധിജി തന്റെ കണ്ടെത്തലുകളെ മൂന്നായി അവതരിപ്പിച്ചു. മനുഷ്യപ്രകൃതിയിൽ നന്മയും തിന്മയും കൂടിക്കലർന്നിരിക്കുന്നതുപോലെ അഹിംസയും ഹിംസയും കൂടിക്കലർന്നിട്ടുണ്ടെങ്കിലും മനുഷ്യവ്യക്തി മൗലികമായി അഥവാ സത്താപരമായി അഹിംസാത്മകനാണ് എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. ഹിംസയല്ല അഹിംസയാണ് മനുഷ്യസത്തയുടെ മൗലികഭാവം. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമാണ്, വെറുക്കാനും വെറുക്കപ്പെടുവാനുമല്ല മനുഷ്യൻ ആഗ്രഹിക്കുന്നത്. അതുകൊണ്ട് അഹിംസ മനുഷ്യവ്യക്തിയുടെ 'ഉണ്മയുടെ നിയമ'മാണ് എന്ന് ഗാന്ധിജി വ്യക്തമാക്കി. ഇതാണ് പ്രഥമ തത്വം. ഒരു വ്യക്തിക്ക് സ്വന്തം ഉണ്മയെ സാക്ഷാത്കരിക്കാൻ അഹിംസയുടെ സമൂർത്ത സാഹചര്യം അനുപേക്ഷണീയമാണ് എന്നതുകൊണ്ടാണ് അഹിംസയെ 'മനുഷ്യവ്യക്തിയുടെ ഉണ്മയുടെ നിയമം' എന്ന് അദ്ദേഹം വിശേഷിപ്പിച്ചത്.

ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ വ്യക്തി മറ്റ് മനുഷ്യരിൽ നിന്നും അന്യവത്കരിക്കപ്പെട്ട ഒറ്റയാനല്ല. മനുഷ്യാസ്ഥിത്വത്തിന്റെ അടിസ്ഥാനം മനുഷ്യബന്ധങ്ങളാണ്, പാരസ്പര്യമാണ്. അതുകൊണ്ട് ഒരു വ്യക്തിക്ക് പ്രസക്തമായ കാര്യം എല്ലാ വ്യക്തികൾക്കും ബാധകമായിരിക്കും. അഹിംസയുടെ കാര്യത്തിലും ഇത് സംഗതമാണ്. അതുകൊണ്ട് 'അഹിംസ മനുഷ്യവംശത്തിന്റെ നിയമമാണ്' എന്ന രണ്ടാമത്തെ പ്രമാണം ഗാന്ധിജി അവതരിപ്പിച്ചു. നാശങ്ങളുടെയും ഹിംസകളുടെയും മധ്യത്തിൽ ജീവിതം -പ്രത്യേകിച്ച് മനുഷ്യജീവിതം- തുടരുന്നതും പുരോഗമിക്കുന്നതും ജീവിതത്തിൽ ഹിംസയെക്കാളുപരി അഹിംസ പാലിക്കപ്പെടുന്നതുകൊണ്ടാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

മാനവരാശിയുടെ വികാസപരിണാമങ്ങളുടെ ചരിത്രം വിമർശനാത്മകമായി പരിശോധിച്ച ഗാന്ധിജി മനുഷ്യപുരോഗതിയിൽ അഹിംസ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട് എന്ന് തിരിച്ചറിഞ്ഞു. ജീവിതം സംഘടിതമായപ്പോൾ ഹിംസയും സംഘടിതമായി ത്തീർന്നു. എന്നാൽ, സംഘടിത ഹിംസയിൽ പതിയിരിക്കുന്ന അപകടങ്ങൾ കണ്ടറിഞ്ഞ മനുഷ്യർ ഹിംസയെ നിയന്ത്രിക്കുന്നതിനും കുറച്ചുകൊണ്ടുവരുന്നതിനും ബോധപൂർവ്വം നിരന്തരം ശ്രമിക്കാൻ തുടങ്ങി. ഭീകരമായ പ്രതികാരങ്ങളുടെ പ്രാകൃതകാലഘട്ടം പിന്നിട്ട്, ഒരു കണ്ണിനുപകരം ഒരു കണ്ണ്, ഒരു പല്ലിനുപകരം ഒരു പല്ല് എന്നിങ്ങനെ നിബന്ധനകൾ കൊണ്ട് പ്രതികാരദാഹത്തെ നിയന്ത്രിക്കുന്ന ഘട്ടത്തിലേക്ക്, മനുഷ്യർ നീങ്ങി. അടിമുടി അധാർമ്മികമായ യുദ്ധങ്ങൾക്കുപോലും യുദ്ധമര്യാദകളും നിയന്ത്രണങ്ങളും ഏർപ്പെടുത്തി. ഹിംസയോടുള്ള എതിർപ്പ് ക്രമേണ പ്രബലമാവുകയും അഹിംസയോടുള്ള മനുഷ്യമനസ്സിന്റെ സ്വാഭാവികാനുഭാവം വികസിച്ച് ശക്തിപ്പെടുത്തുകയും ചെയ്തു. "തന്നെപ്പോലെ തന്നെ തന്റെ ശത്രുവിനെ സ്നേഹിക്കണം" എന്ന ബോധത്തിലേയ്ക്ക് മനുഷ്യന്റെ ധാർമ്മികത വളർന്നു. അഹിംസയുടെ ഈ വികാസപഥം വ്യക്തമായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ "അഹിംസ ചരിത്രത്തിൽ പ്രവർത്തിക്കുന്ന നിയമമാണ്" എന്ന തന്റെ മൂന്നാമത്തെ പ്രമാണത്തിന് രൂപം നൽകി ഗാന്ധിജി. മനുഷ്യജീവിതത്തിൽ അഹിംസയുടെ സാന്നിധ്യവും പ്രവർത്തനവും പ്രകടമോ, ശബ്ദായമാനമോ അല്ല. അത് സൗമ്യവും നിശ്ശബ്ദവുമാണ്. അതുകൊണ്ട് ചരിത്രകാരന്മാർ അതുശ്രദ്ധിക്കാതെ അവഗണിച്ചു. ചരിത്രകാരന്മാർ ശേഖരിക്കുന്നത് യുദ്ധങ്ങളുടെ വിവരങ്ങളാണ്. അങ്ങിനെ, എഴുതപ്പെട്ട ചരിത്രം യുദ്ധങ്ങളുടെ ചരിത്രമായി. യുദ്ധത്തിൽ നിന്ന് യുദ്ധത്തിലേക്ക് നീങ്ങുന്ന മൃഢവംശമാണ് മനുഷ്യൻ എന്ന ധാരണ സൃഷ്ടിക്കപ്പെടാൻ ഇത് കാരണമായി. യഥാർത്ഥത്തിൽ മനുഷ്യചരിത്രത്തിലെ ഏറ്റവും നീണ്ടകാലയളവുകൾ സമാധാനത്തിന്റേതാണ്; യുദ്ധങ്ങൾ അപഭ്രംശങ്ങളാണ്. അതുകൊണ്ട് സമാധാനത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു നവചരിത്രരചനാരീതി- peace historiography രൂപപ്പെടുത്തണമെന്നും ഗാന്ധിജി സൂചിപ്പിച്ചു.

*ശേഷം 9-ാം പേജിൽ*

ലേഖനം

# ന്യായാധിപന്മാർ

ഫാ. ഏലിയാസ് കെ. വി.

**പ**ഴയ നിയമചരിത്ര പുസ്തകങ്ങളിൽ രണ്ടാമത്തെ പുസ്തകം മൂന്ന് ഭാഗങ്ങളായി-ന്യായപ്രമാണം-പ്രവാചകന്മാർ-എഴുത്തുകൾ പഴയ നിയമത്തെ തിരിച്ചിട്ടുള്ളതിൽ രണ്ടാമത്തെ ഗണത്തിൽ ഉൾപ്പെടുന്നതാണിത്. യോശുവായുടെ നേതൃത്വത്തിൽ കനാൻ നാട്ടിലെത്തിയ കാലം മുതൽ ശമുവേൽ പ്രവാചകന്റെ ജനനം വരെയുള്ള ചരിത്രം ഈ പുസ്തകത്തിൽ വായിക്കാം. ഇസ്രായേലിന് ന്യായപാലനം ചെയ്ത പന്ത്രണ്ട് ന്യായാധിപന്മാരെ കുറിച്ച് നാം അറിയുന്നത് ഈ പുസ്തകത്തിലൂടെയാണ്. ന്യായാധിപഗണത്തിൽ ഒരാൾ സ്ത്രീയാണ്: ദെസോര (ന്യായ. 4:4-5, 31). ഹാബോർ രാജാവായ യാബീനെയും സേനാനായകനായ സീസരെയും ബാരാക്കിന്റെ കൂടെ സഹായത്താൽ പരാജയപ്പെടുത്തിയ പ്രവാചകയും ന്യായാധിപയുമാണ് ദെസോര.

പ്രധാനപ്പെട്ടവരായി പരാമർശിക്കപ്പെടുന്ന മറ്റു ന്യായാധിപന്മാർ ഒത്തിയേൽ (3:9-11 അരാമിലെ കൂശൻരിശാഥയിരിനെതിരെ), ഏഹൂദ് (3:15-30 മോവാബ് രാജാവായ എഗ്ലോനെതിരെ), ഗിദെയോൻ (6:1-8, 35 മിദ്യാനെതിരെ), യിപ്താഹ് (11:1-12, 7 അമ്മോന്യർക്കെതിരെ), ശിംശോൻ (13:1-16, 31 ഫെലിസ്ത്യർക്കെതിരെ) എന്നിവരാണ്. പരാമർശിതരാകുന്ന മറ്റുള്ളവർ: ശംഗർ (3:31), തോലാ (10:1-2), യായീർ (10:3-5), ഇബ്സാൻ (12:8-10) ഇവരെ കൂടാതെ സ്വയം അധികാരം പിടിച്ചു പറ്റാൻ ശ്രമിച്ച്, ഒടുവിൽ ഒരു സ്ത്രീയാൽ വധിക്കപ്പെട്ട അബീമേലെക്കിന്റെ കഥയും ഈ പുസ്തകത്തിൽ വായിക്കാം (9:1-57). ന്യായാധിപന്മാരുടെ തുടർച്ചയിലെ ഒടുവിലത്തെ രണ്ടുപേർ ഏലിയും ശമുവേലും ആണ് (1. ശമു. 1, 2).

ഇത് എഴുതിയതാര് എന്നയാതൊരു സൂചനയും ഈ പുസ്തകം തരുന്നില്ല. പാരമ്പര്യം ശമുവേൽ ആണ് ഗ്രന്ഥകാരൻ എന്ന് പഠിപ്പിക്കുന്നു. ക്രി. മു. 11-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ടു എന്ന് കരുതാം. എന്നാൽ ഈ പുസ്തകത്തിന്റെ വേദശാസ്ത്രാടിസ്ഥാനത്തിലുള്ള പഠനം പ്രവാസ കാലഘട്ടത്തിലേക്ക് (ക്രി. മു. 6-ാം നൂറ്റാണ്ട്) എന്ന നിഗമനത്തിലാണ് നിൽക്കുന്നത്. ആവർത്തന പുസ്തകം ഉടമ്പടി ബന്ധത്തിലുള്ള മനുഷ്യന്റെ ധാർമിക ബാധ്യതകളെ കുറിച്ച് പറയുന്നു. ഇതിന്റെ തുടർച്ചയാണ് യോശുവയുടെ പുസ്തകം അവതരിപ്പിക്കുന്ന വാഗ്ദത്തനാട് സ്വന്തമാക്കൽ. ന്യായാധിപന്മാരുടെ പുസ്തകം വാഗ്ദത്ത നാട്ടിലെത്തി വാസമാരംഭിച്ച ജനതയുടെ ഉടമ്പടി ജീവിതത്തിന്റെ ജയ പരാജയങ്ങളുടെ കഥയാണ് പിന്നാലെയുള്ള ശമുവേലിന്റെ പുസ്തകങ്ങൾ ഈ ജനത ദേശരാഷ്ട്രമായി രൂപം പ്രാപിക്കുന്ന ചരിത്രം അവതരിപ്പിക്കുന്നു. രാജാക്കന്മാരുടെ പുസ്തകം ഈ ദേശരാഷ്ട്രത്തിന്റെ പതനവും അവകാശഭൂമിയിൽ നിന്ന് നിഷ്കാസിതരാകേണ്ടി വന്ന സംഭവവും വിശദീകരിക്കുന്നു. ഇസ്രായേൽ ജനത ദൈവവുമായി ഒരു ഉടമ്പടി ബന്ധത്തിൽ വന്നെന്നും ആ ബന്ധത്തിൽ ഉണ്ടാകുന്ന ഉയർച്ച താഴ്ചകൾ അവരുടെ ജീവിതഗതി നിയന്ത്രിക്കുമെന്നുമുള്ള വേദശാസ്ത്രത്തിന്റെ നേർക്കാഴ്ചയാണ് ന്യായാധിപന്മാരുടെ പുസ്തകത്തിൽ വ്യക്തമാക്കുന്നത്. അതുകൊണ്ട് ഇത് ആവർത്തനാധിഷ്ഠിത ചരിത്രരചന എന്ന് അറിയപ്പെടുന്നു.

യോശുവായുടെ മരണശേഷം കാനാന്യരോട് യുദ്ധം ചെയ്യുവാൻ ആദ്യം പുറപ്പെടേണ്ടത് യഹൂദ ആകണം (1:1-2). എന്ന പരാമർശം ഈ പുസ്തകത്തിന്റെ രചന പൂർത്തീകരിച്ചത് യഹൂദയിലെന്ന സൂചന നൽകുന്നു. 'അക്കാലത്ത് യിസ്രായേലിൽ രാജാവില്ലായിരുന്നു'. (17:6; 18:1; 19:1; 21:25) എന്ന് ആവർത്തിച്ചുവരുന്ന പരാമർശം ഇതിന്റെ സംശോധകൻ (Editor) രാജഭരണത്തെ അനുകൂലിക്കുന്ന ആളായിരുന്നു എന്ന് അറിവ് നൽകുന്നു.

‘‘എന്നാൽ ഇസ്രായേൽ മക്കൾ യഹോവയ്ക്ക് അനിഷ്ടമായുള്ളത് ചെയ്തു.... വിറ്റുകളഞ്ഞു" (2:11-14; 3:7-8; 4:1-2 മുതലയാവ). "എന്നാൽ യിസ്രായേൽ മക്കൾ നിലവിളിച്ചപ്പോൾ.... രക്ഷകനായി എഴുന്നേൽപ്പിച്ചു" (3:9; 3:15

**മാന്യവായനക്കാരുടെ ശ്രദ്ധയ്ക്ക്**

ഡയോസിസൻ ബുള്ളറ്റിൻ വരിക്കാരുടെ വരി സംഖ്യ കുടിശിഖ ആയിട്ടുണ്ടെങ്കിൽ മണിയോഡർ ആയോ, ഡി. ഡി. ആയോ, നെറ്റ് ബാങ്കിംഗ് വഴിയോ പണം അടയ്ക്കാവുന്നതാണ്. അക്കൗണ്ട് നമ്പർ താഴെ കൊടുക്കുന്നു.

Dr. Thomas Mar Athanasius Metropolitan
SBI Muvattupuzha, A/c No. 10246001089, IFSC: SBIN0008652

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

1 വർഷം-100 രൂ., മൂന്ന് വർഷം-250 രൂ., ആയുഷ്ക്കാലം (12 വർഷം)-1000 രൂ.

മുതലായവ) എന്നിങ്ങനെ ആവർത്തിക്കുന്ന പ്രയോഗം “മതഭ്രംശം-മോചനം” എന്ന ഒരു രീതി എഴുത്തുകാരൻ സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുന്നുണ്ട്. ഓരോ പാത്രത്തിന്റെ ചരിത്രവും എടുത്ത് അതിന് സകല ഗോത്രങ്ങളെയും ഉൾക്കൊള്ളുന്ന ഒരു മാനം എഴുത്തുകാരൻ ഈ വിവരണങ്ങളിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് ഇതിലെ വർണ്ണനങ്ങളും ചരിത്രവും രേഖീയമെന്ന് കാലാനുക്രമം എന്ന് പരിഗണിക്കരുത്. ഒരേസമയത്ത് വിവിധ പ്രദേശങ്ങളിൽ ന്യായപാലനം ചെയ്തവരാകാം ചില ന്യായാധിപന്മാർ. കനാൻ അധിനിവേശം മുതൽ (ക്രി. മു. 1200) ശമുവേലിന്റെ കാലം വരെ (ക്രി. മു. 1025) യുള്ള കാലമാണിവിടെ പരാമർശിക്കപ്പെടുന്നത്.

**പുസ്തകത്തിന്റെ ഘടന**

1. ആമുഖം: 1:1-3, 6 ഇവിടെ രണ്ട് കാര്യങ്ങളാണ് പറയുന്ന്. ആദ്യഭാഗത്ത് യിസ്രായേൽ ഗോത്രങ്ങൾ അവകാശദേശം കൈയ്യടക്കുന്ന സംഭവം വിവരിക്കുന്നു (1:1-2, 5). തുടർന്നുവരുന്നത് (2:6-3.6) ന്യായാധിപകാലഘട്ടത്തിലെ ഈ ജനതയുടെ സമീപനമെന്തെന്നാണ് പറയുന്നത്. ഉടമ്പടി ലംഘിത്ത് കനാന്യദേവീ ദേവന്മാരെ ആരാധിക്കുന്നതും ദൈവം അവരെ ജാതികളുടെ കൈയ്യിൽ ഏൽപിക്കുവാനുള്ള സാഹചര്യവുമാണിവിടെ വായിക്കുന്നത്.

2. പ്രധാനഭാഗം: 3:7-16, 31. പന്ത്രണ്ട് ന്യായാധിപന്മാരുടെയും അബീമേലെക്കിന്റെയും (അധ്യായം 9) കഥയാണ്.

3. ഉപസംഹാരം: 17:1-21, 25 അക്കാലത്ത് യിസ്രായേലിൽ രാജാവായിരുന്നു എന്ന് ആവർത്തിക്കുന്ന ഈ ഭാഗത്തും രണ്ട് കാര്യങ്ങൾ പറയുന്നു. ദാൽഗോത്രം വടക്കോട്ട് കുടിയേറിപ്പാർക്കുന്ന കഥയാണ് ആദ്യത്തേത് (അധ്യായം 17, 18). രണ്ടാമത് (അധ്യായം 19-21) ബന്യാമിൻ ഗോത്രത്തിന്റെ പാപത്തെക്കുറിച്ചും.

യിസ്രായേൽ ജനതയുടെ ദേശീയ ആത്മീയജീവിതം സർപ്പിളമായി (Spiral way) താഴേക്കുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു ചിത്രമാണ് ന്യായാധിപന്മാർ നൽകുന്നത്. ദൈവത്തോട് മറുതലിച്ച്, ജീവിതം താറുമാറായി. അത് പുതിയതും ദിവ്യവുമായ ഒരു രാജത്വത്തിന്റെ ആവശ്യകതയിലേക്കു നയിക്കുന്നു. ഇതാണ് ന്യായാധിപന്മാരുട പുസ്തകത്തിന്റെ സന്ദേശം.

---

*7-ാം പേജ് തുടർച്ച*

അഹിംസയെപ്പറ്റിയുള്ള പരമ്പരാഗത ധാരണകളെല്ലാം തന്നെ തന്റെ വ്യാഖ്യാനങ്ങളും പ്രയോഗങ്ങളും വഴി ഗാന്ധിജി തിരുത്തിക്കുറിച്ചു. അസാധാരണ സിദ്ധിയുള്ളവർക്കുമാത്രം പാലിക്കാൻ സാധിക്കുന്ന ഒരു ആത്മീയ സാധനയായിട്ടാണ് അഹിംസയെ അധികം പേരും മനസ്സിലാക്കിയിരുന്നത്. ദൈനംദിന ജീവിത്തിലെ സമസ്ത വ്യവഹാരങ്ങളിലും പ്രയോഗിക്കേണ്ട ഒരു അവശ്യവസ്തുവാണ് അഹിംസ എന്ന് ഗാന്ധി കാണിച്ചു തന്നു. വസ്ത്രധാരണത്തിലും ഭക്ഷണക്രമത്തിലും ഭവനനിർമ്മാണ ശൈലിയിലും മനുഷ്യബന്ധങ്ങളുടെ എല്ലാ തലങ്ങളിലും സാമൂഹ്യഘടനയിലും രാഷ്ട്രീയത്തിലും സാമ്പത്തിക പ്രവർത്തനങ്ങളിലും എല്ലാം അഹിംസയ്ക്ക് നിർണ്ണായകമായ ഇടവും ഇടപാടുമുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കിത്തന്നു. ആത്മസാക്ഷാത്കാരത്തിനുള്ള ഉപാധിയായി മാത്രം കരുതപ്പെട്ടിരുന്ന അഹിംസയെ ജീവിതത്തിന്റെ ഏതുമേഖലയിലുള്ള എന്തുപ്രശ്നവും പരിഹരിക്കാൻ ശക്തിയുള്ള ഫലപ്രദമായ മാർഗ്ഗമാക്കി അദ്ദേഹം രൂപാന്തരപ്പെടുത്തി കാണിച്ചുതന്നു. സിദ്ധന്മാർക്കുമാത്രമല്ല സാധാരണക്കാരായ ആർക്കും സമരങ്ങളിൽക്കൂടിയും നിർമ്മാണ പരിപാടികൾ വഴിയും തെളിയിച്ചു കാട്ടി. ‘ഭീരുവിന്റെ ഒളിത്താവളമല്ല, ധീരന്റെ പടവാളാണ് അഹിംസ’ എന്ന് ലക്ഷക്കണക്കിന് സത്യാഗ്രഹികളുടെ ത്യാഗംകൊണ്ട് ലോക സമക്ഷം സാക്ഷ്യപ്പെടുത്തി. ഗാന്ധിജി എഴുതി: “മനുഷ്യവംശത്തിന്റെ അധീനതയിലുള്ളതിൽ വെച്ച് ഏറ്റവും മഹത്തായ ശക്തി അഹിംസയാണ്-കാരണം അത് ആത്മാവിന്റെ ശക്തിയാണ്. മനുഷ്യബുദ്ധി രൂപം കൊടുത്തിട്ടുള്ള ഏറ്റവും ശക്തമായ മാരകായുധത്തേക്കാൾ ശക്തിയുള്ളതാണത്.” (ഹരിജൻ, ജൂലൈ 20, 1935)

ഈ ലോകജീവിതത്തിൽ മനുഷ്യൻ വിരുദ്ധദ്വന്ദങ്ങൾക്കിടയിലാണ് നിലകൊള്ളേണ്ടിവരുന്നത്. രചനാത്മകവും സംഹാരാത്മകവുമായ ശക്തികളുടെയും, ജീവന്റെയും മരണത്തിന്റെയും, സ്നേഹത്തിന്റെയും വിദ്വേഷത്തിന്റെയും, സമാധാനത്തിന്റെയും യുദ്ധത്തിന്റെയും മധ്യേയാണ് മനുഷ്യന് ജീവിക്കേണ്ടിവരുന്നതെന്ന് ഗാന്ധിജി ഓർമ്മിപ്പിച്ചു. ജീവൻ സൃഷ്ടിക്കാനുള്ള കഴിവ് മനുഷ്യന് ഇല്ലാത്തതുകൊണ്ട് ജീവൻ എടുക്കാനുള്ള അധികാരവും അവനില്ല. അതുകൊണ്ട് വിദ്വേഷത്തിന്റെയും സംഹാരത്തിന്റെയും മരണത്തിന്റെയും ഭാഗത്തല്ല, മറിച്ച് സ്നേഹത്തിന്റെയും രചനാത്മകതയുടെയും ജീവന്റെയും പക്ഷത്ത് നിലയുറപ്പിക്കുകയാണ് മനുഷ്യന്റെ കർത്തവ്യമെന്ന് ഗാന്ധിജി ചൂണ്ടിക്കാട്ടി. ജീവിതത്തിന്റെ രചനാത്മക ശക്തിയോട് ഐക്യപ്പെടാനുള്ള ഒരേയൊരു മാർഗ്ഗം അഹിംസയുടേതാണ്. അതുകൊണ്ടാണ് മനുഷ്യന്റെ പരമമായ ധർമ്മം അഹിംസയാണെന്ന ഋഷിസൂക്തം ഗാന്ധിജി നമ്മെ ആവർത്തിച്ച് ഓർമ്മപ്പെടുത്തിയതും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നതും.

ലേഖനം

# AI: ഇത് ചാറ്റ് ജിപിറ്റിയോ മറുതലിക്കുന്ന മനുഷ്യബുദ്ധിയോ?

വൈക്കം സനീഷ് ആചാര്യ

**ആ**ർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ കൃത്രിമബുദ്ധിയെ ലോകം ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. ഉന്നത സാങ്കേതിക വിദ്യയായ കൃത്രിമബുദ്ധി പൊതുജനങ്ങളിൽ എത്തിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നത് ഓപ്പൺ എ ഐ (open AI) എന്ന സാങ്കേതിക കൂട്ടായ്മയാണ്. AI സമൂഹത്തിൽ ഏതെല്ലാം മേഖലകളിൽ വ്യാപരിക്കും? മനുഷ്യരുടെ തൊഴിലവസരങ്ങൾ കുറയ്ക്കുമോ, വിദ്യാഭ്യാസമേഖല, ശാസ്ത്ര-സാങ്കേതിക മേഖല, കലാസാഹിത്യരംഗം, ആരോഗ്യരംഗം എന്നീ മേഖലകളെ എങ്ങനെ സ്വാധീനിക്കും? മനുഷ്യർക്ക് സമാനമായ ക്രിയാത്മകതയും ഭാവനയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് ഉണ്ടാകുമോ?

ഓപ്പൺ എന്ന സാങ്കേതിക കൂട്ടായ്മ (Consortium) അവതരിപ്പിച്ച GP 3 ക്കു (Generative Pre trained Transformer) ശേഷം ഉടനെ പ്രാവർത്തികമാക്കാൻ പോകുന്ന GP 4 ന്റെ വരവിനെ 'നാലാം വ്യവസായ വിപ്ലവം' എന്നാണ് വിശേഷിപ്പിക്കുന്നത്. മനുഷ്യരെ മറ്റു ജീവികളിൽ നിന്ന് വ്യത്യസ്തരാക്കുന്നത് ഭാഷയുടെ ഉപയോഗമാണ്. അങ്ങനെയുള്ള ഭാഷയുടെ ഉപയോഗത്തിലും വിദ്യാഭ്യാസരംഗത്തുമാണ് സമൂലം ആയ മാറ്റങ്ങൾ വരാൻ പോകുന്നത്. ഭാഷകൾ തർജ്ജമ ചെയ്യുക, ഉപന്യാസം രചിക്കുക, ചിത്ര രചനകൾ നടത്തുക, വിഷയം ചുരുക്കി എഴുതുക, പ്രബന്ധം തയ്യാറാക്കുക തുടങ്ങി വിവിധ ജോലികൾ ഭംഗിയായി നിർവഹിക്കാൻ. GP 4 നു കഴിയും.

ഓപ്പൺ എ ഐ പുറത്തിറക്കിയ ചാറ്റ്ബോട്ട് (ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന സങ്കേതം) മനുഷ്യരുടെ ഏതു ചോദ്യത്തിനും ഉത്തരം നൽകും. ഉചിതമായ പ്രോംപ്റ്റ് (സാങ്കേതിക നിർദ്ദേശം) നൽകിയാൽ കൃത്യതയുള്ള ഉത്തരങ്ങൾ ലഭിക്കും. ഇത്തരം പ്രോംപ്റ്റുകൾ നൽകുന്നതിനുള്ള പരിസരവും ലഭ്യമാകും. സാങ്കേതിക വിദ്യകളുമായി പരിചയമുള്ളവർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന തരത്തിലാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. സെർച്ചിംഗ് വിദഗ്ധർ എന്ന അവകാശപ്പെടുന്ന ഗൂഗിളിനെ പോലും അട്ടിമറിക്കാൻ AI ക്ക് സാധിക്കും.

കലാസാഹിത്യരംഗത്തും AI ക്ക് സ്വാധീനം ചെലുത്തുവാൻ കഴിയും. കവിതകൾ, കഥകൾ, നോവലുകൾ, തുടങ്ങിയ രചിക്കാൻ ഉപയോഗിക്കാൻ സാധിക്കും. വിവിധ ഭാഷകളുടെ സാഹിത്യ കൃതികൾ സൃഷ്ടിക്കാനും സാഹിത്യനിരൂപണം, സിനിമാനിരൂപണം തുടങ്ങിയവ കാര്യങ്ങൾക്കും GP 4 ഉപയോഗപ്പെടുത്താൻ കഴിയും. സമീപകാലത്ത് ജപ്പാനിലെ പരമോന്നത സാഹിത്യ പുരസ്കാരം നേടിയ സയൻസ് ഫിക്ഷൻ നോവൽ AI യുടെ പൂർണമായ സഹായത്തോടെയാണ് രചിച്ചതെന്ന് എഴുത്തുകാരി പത്രസമ്മേളനത്തിൽ അറിയിക്കുകയുണ്ടായി. റിയീ കുഡൻസിന്റെ 'ടോക്കിയോ റ്റോ ഡോജോ റ്റോ' എന്ന നോവലിനാണ് പുരസ്കാരം ലഭിച്ചത്. ഏതാനും മാസങ്ങൾക്കുമുമ്പ് ചൈനയിലെ കോളേജ് പ്രൊഫസർ മൂന്നുമണിക്കൂർ കൊണ്ട് AI യുടെ സഹായത്തോടെ നോവൽ എഴുതുകയുണ്ടായി. എന്നാൽ മനുഷ്യരോളം സൃഷ്ടിപരതയും ഭാവനയും ഇക്കാര്യത്തിൽ AI ക്ക് ഇല്ലെന്നുള്ളത് ആശ്വാസകരമാണ്.

**ചാറ്റ് ജിപിറ്റിയും വെല്ലുവിളികളും**

മാധ്യമരംഗത്തെ എഡിറ്റിംഗ് ജോലികൾ, വിവരസാങ്കേതികരംഗത്തെ പ്രോഗ്രാമിംഗ്, കമ്പ്യൂട്ടർ പ്രോഗ്രാമുകൾ വിവിധ മെഷീൻ ഭാഷകളിലേക്ക് മാറ്റുക, ശാസ്ത്ര വിഷയങ്ങൾ വിശദീകരിക്കുക, സിനിമാമേഖലയിലെ ദൃശ്യവിസ്മയങ്ങൾ സൃഷ്ടിക്കുക, ഗാനങ്ങളുടെ സംഗീതം, മിക്സിംഗ്, തിരക്കഥാരചന തുടങ്ങി നിരവധി മേഖലകൾ ഗുണമേന്മ കൂടുതൽ വരുത്തുവാൻ കഴിയുമെങ്കിലും മനുഷ്യരുടെ തൊഴിൽ അവസരങ്ങൾ ഗണ്യമായി കുറയുമെന്നുള്ളത് വലിയൊരു ഭീഷണി തന്നെയാണ്.

കൂടാതെ, സോഷ്യൽ മീഡിയ പോസ്റ്റുകൾ ഓൺലൈൻ മാധ്യമങ്ങൾക്കുവേണ്ടിയുള്ള സൃഷ്ടികൾ എന്നിങ്ങനെ മനുഷ്യർ ഉൾപ്പെടുന്ന സമസ്തമേഖലകളിലും AI ഉപയോഗിക്കാൻ കഴിയും. ഒരു മാസികയിൽ പ്രസിദ്ധീകരിക്കാൻ ആവശ്യമുള്ള മുഴുവൻ രചനകളും AI ഉപയോഗിച്ച് സൃഷ്ടിക്കാൻ കഴിയും. എഴുത്തുകാരുടെ സേവനം ആവശ്യമില്ലാതെ മാസികകൾ പ്രസിദ്ധീകരിക്കുന്ന കാലവും വന്നേക്കാം. ധനകാര്യമേഖലയിൽ AI വരുത്തിയ പ്രധാന മാറ്റം മനുഷ്യർ ചെയ്തുകൊണ്ടിരുന്ന ജോലികളെല്ലാം യന്ത്രവത്കരണം നടത്താൻ സഹായിച്ചു എന്നതാണ്.

*ശേഷം 13-ാം പേജിൽ*

# ആരാണ് യഥാർത്ഥ ശിഷ്യൻ?

## വി. മത്തായി 10: 34 – 42

ഫാ. സിബി മാത്യു വർഗീസ്

**ക്രി**സ്മസ് ദിനത്തിൽ കേട്ട ഏറ്റവും വലിയ സുവാർത്ത നമുക്കായി ജനിച്ചവൻ 'സമാധാന പ്രഭു' (Prince of Peace) ആണെന്നുള്ളതാണ്. പക്ഷേ ഇപ്പോൾ അതേ സമാധാനപ്രഭു പറയുന്നു 'ഭൂമിയിൽ സമാധാനം വരുത്തുക എന്ന ഉദ്ദേശ്യമാണ് എന്റെ വരവിനെന്ന് നിങ്ങൾ കരുതരുത്, സമാധാനമല്ല, വാൾ വിതയ്ക്കാനാണ് ഞാൻ വന്നിരിക്കുന്നത്. ഞാൻ വന്നത് ഭിന്നിപ്പിക്കാനാണ്'. എന്തൊരു വിരോധാഭാസമാണ് ഇത്. സമാധാനത്തിന്റെ നാഥൻ ഭിന്നത വിതയ്ക്കുന്നു. ക്രിസ്തുവിന്റെ കാലം മുതലേ, അവന്റെ വചനങ്ങൾ സ്വീകരിക്കുന്നവരും സ്വീകരിക്കാത്തവരും ഉണ്ടായിരുന്നു. ക്രിസ്തു പഠിപ്പിച്ചതും പ്രസംഗിച്ചതും സ്നേഹമായിരുന്നെങ്കിലും ക്രിസ്തു പ്രവർത്തിച്ചത് നന്മയായിരുന്നെങ്കിലും ക്രിസ്തു ചെയ്തത് മറ്റുള്ളവരുടെ ആശ്വാസത്തിനുവേണ്ടിയുള്ള അത്ഭുതങ്ങളായിരുന്നെങ്കിലും അതെല്ലാം സൃഷ്ടിച്ചത് ഭിന്നതയായിരുന്നു. കാരണം, ക്രിസ്തുവിന്റെ സ്നേഹം, സമാധാനം, സൗഖ്യം, നന്മ അംഗീകരിക്കുവാൻ മനസ്സില്ലാത്തവർ അവനെതിരെ തിരിഞ്ഞു; ആ ഭിന്നത അവനെ ഉന്മൂലനം ചെയ്യുന്നതുവരെ നീണ്ടു നിന്നു. അവന്റെ സന്ദേശവും അവൻ അവതരിപ്പിച്ച ജീവിത ശൈലിയും, അതിലെ നന്മയും വിശുദ്ധിയുമെല്ലാം നിലവിലിരുന്ന വ്യവസ്ഥിതിയെ (prevailing system) ചോദ്യം ചെയ്യുന്നതായിരുന്നു. അതുകൊണ്ടുതന്നെ അവനെ സ്വീകരിക്കുവാനും അംഗീകരിക്കുവാനും തയ്യാറാകാത്ത ഒരു കൂട്ടം എന്നുമുണ്ടായിരുന്നു; ഇന്നുമുണ്ട്. യേശു അക്രമത്തിന്റെയോ, ഭിന്നതയുടെയോ വാളുമായി വന്നവനല്ല. അവൻ സമാധാനവും, ഐക്യവും പുനഃസ്ഥാപിക്കാൻ വന്നവനാണ്. ശത്രുവിനെപ്പോലും സ്നേഹിക്കണമെന്ന മനോഭാവമായിരുന്നു അവനുള്ളത്. ക്രിസ്ത്യാനികൾ ക്രിസ്തു മനോഭാവമുള്ളവരാണ്. ക്രിസ്തുവിനെ പൂർണ്ണ മനസ്സോടെയും, ആത്മാവോടെയും സ്വീകരിക്കുന്നവർ. ക്രിസ്തുവിനായി പരിപൂർണ്ണമായി സമർപ്പിക്കപ്പെട്ടവർ. അങ്ങനെയുള്ളവർക്ക് ഒരിക്കലും അസമാധാനത്തിന്റെയോ, അനൈക്യത്തിന്റെയോ, ഭിന്നതയുടെയോ വക്താക്കളാകുവാൻ കഴിയുകയില്ല. ക്രിസ്തു അവതരിപ്പിച്ച സമാധാന സുവിശേഷത്തെ നിഷേധിക്കുന്നവർ ക്രിസ്തുവിന്റെ എതിരാളികളാണ് (enemies of Christ). അവരുടെ എതിർപ്പാണ് സമാധാനക്കേടിനു വഴിയൊരുക്കുന്നത്. ക്രിസ്തു വചനങ്ങളും വചനാധിഷ്ഠിത ജീവിതം നയിക്കുന്നവരും അവൻ വിതയ്ക്കുന്ന വാളായി മാറും. ക്രിസ്തുവിന്റെ സുവിശേഷം വാളായി മാറുന്നത് അതിനോടുള്ള എതിർപ്പ് മുഖാന്തിരമാണ്. അങ്ങനെയെങ്കിൽ എതിർക്കാത്തവർക്ക് സുവിശേഷം നന്മക്ക് കാരണമായിത്തീരും.

യേശു തന്റെ ശിഷ്യന്മാരെ ദൗത്യനിർവഹണത്തിനായി പറഞ്ഞയക്കുമ്പോഴാണ് ഇതൊക്കെ സംസാരിക്കുന്നത്. ഒരു ക്രിസ്തു ശിഷ്യൻ ഈ ബോധ്യങ്ങളിലാണ് രൂപപ്പെടേണ്ടത്. അവനും അവനിലൂടെ അവതരിപ്പിക്കപ്പെടുന്ന ക്രിസ്തുവും വാളായി സുവിശേഷ വിരോധികളായി ജീവിക്കുന്ന മനുഷ്യരുടെ ഹൃദയങ്ങളെ കീറിമുറിക്കുന്ന വാളായി മാറണം.

ഒരു ക്രിസ്തുശിഷ്യന്റെ ജീവിതത്തിലെ മുൻഗണനകളെ (priorities) ഏതടിസ്ഥാനത്തിൽ നിശ്ചയിക്കണമെന്നതാണ് അടുത്ത ഭാഗത്തിൽ പറയുന്നത്. 'ഞാൻ വന്നത് ഭിന്നിപ്പിക്കാനാണ്:

*ഒരുവനെ തന്റെ പിതാവിനെതിരേയും*

*മകളെ തന്റെ അമ്മയ്ക്കെതിരേയും*

*മരുമകളെ തന്റെ അമ്മായിയമ്മയ്ക്കെതിരേയും. ഒരു മനുഷ്യന്റെ ശത്രുക്കൾ അയാളുടെ കുടുംബാംഗങ്ങൾതന്നെ ആയിരിക്കും'.* നിലപാടുകളിലെ വൈരുദ്ധ്യമാണ് ഈ ഭിന്നതയുടെ കാരണം. ഒരു മനുഷ്യന്റെ ശത്രുക്കൾ കുടുംബാംഗങ്ങൾതന്നെ ആയിരിക്കും എന്നു പറയുമ്പോൾ അതൊരിക്കലും മറ്റു കാരണങ്ങൾക്കൊണ്ടല്ല. കാരണം ഒന്നു മാത്രമാണ്; ക്രിസ്തുവിന്റെ സുവിശേഷം. സുവിശേഷത്തിന്റെ പിറകേ പോകുവാൻ, അതിനനുസരിച്ചു ജീവിക്കാൻ തയ്യാറാകുമ്പോൾ കുടുംബം തന്നെ ശത്രുപക്ഷത്തു ആയേക്കാം. ഒരാൾ അംഗീകരിക്കുന്ന, ഉൾകൊള്ളുന്ന സുവിശേഷം അതേപടി ഉൾക്കൊള്ളാൻ കഴിയാത്ത ജീവിതപങ്കാളിക്ക്, കുഞ്ഞുങ്ങൾക്ക്, മാതാപിതാക്കൾക്ക്, സഹോദരങ്ങൾക്ക്–എല്ലാം അയാൾ ശത്രുവാകും. പള്ളിയിൽ പോകാൻ കുഞ്ഞുങ്ങളെ നിർബന്ധിക്കുന്ന കാരണവന്മാർ പിള്ളേരുടെ കണ്ണിലെ കരടാവില്ലേ. പള്ളിയിൽ നമ്മുടെ ശുശ്രൂഷയ്ക്ക് നിയോഗിക്കപ്പെട്ട പുരോഹിതൻ ആത്മാർത്ഥമായി സുവുശേഷത്തിനുവേണ്ടി നിലകൊള്ളുമ്പോൾ അയാൾ ആ സമൂഹത്തിനു ശത്രുവായി മാറും. അതുവേണ്ടാന്ന് കരുതിയട്ടാണല്ലോ മൂന്നുവർഷം കഴിഞ്ഞുള്ള യാത്രയയപ്പ് മനസ്സിൽ

സ്വപ്നം കണ്ടുകൊണ്ട് എല്ലാരേയും സുഖിപ്പിച്ചു, എല്ലവരെയും കൊണ്ട് നല്ലതുമാത്രം പറയിപ്പിച്ചു ഒരു വക ശുശ്രൂഷ (adjustment/compromised ministry) ചെയ്തു ചിലരെങ്കിലും നല്ല പിള്ള ചമയാൻ ശ്രമിക്കുന്നത്. കലർപ്പില്ലാതെ സുവിശേഷം പറയുന്നവർ, അതിനു അനുരൂപരായി ജീവിക്കുന്നവർ എല്ലാവരും ഈ സമാധാനക്കേടിന്റെ ദൂതന്മാരായി മാറിയേക്കാം. അതു നിയോഗം മാത്രമാണ്.

ക്രിസ്തു ശിഷ്യനെ സംബന്ധിച്ച് അവന്റെ വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലുമുള്ള മുൻഗണന ക്രമത്തിൽ ക്രിസ്തു എവിടെ എന്നുള്ളത് പ്രധാനപ്പെട്ട ചോദ്യമാണ്. 'എന്നെക്കാളധികം സ്വന്തം പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവർ എന്റേതായിരിക്കാൻ യോഗ്യരല്ല. എന്നെക്കാളധികം സ്വന്തം പുത്രനെയോ പുത്രിയെയോ സ്നേഹിക്കുന്നവരും എനിക്കു യോഗ്യരല്ല' എന്നാണ് ക്രിസ്തു പറയുന്നത്. പ്രകടനമൊക്കെ കൊള്ളാം പക്ഷെ 'കൂറെവിടെയാണ്' എന്നൊരു ചോദ്യമുയരുന്നുണ്ട്. സ്വന്തം മാതാപിതാക്കളെ ഉപേക്ഷിക്കുവാനും ജീവിത പങ്കാളിയോടും മക്കളോടും അവിശ്വസ്ഥത കാണിക്കുവാനുമല്ല ക്രിസ്തു ആവശ്യപ്പെടുന്നത്. അങ്ങനെയെങ്കിൽ ക്രൂശിലെ അവസാന നാഴികയിൽപ്പോലും സ്വന്തം അമ്മയുടെ ഭാവിയെക്കുറിച്ച് ഓർത്തെടുക്കേണ്ട ആവശ്യമില്ലല്ലോ. ഏതു അവസ്ഥയിലും ഏതു ബന്ധത്തിലും ക്രിസ്തുവിനെ ഒന്നാം സ്ഥാനത്തു നിർത്തുന്നവനാണ് ക്രിസ്തു ശിഷ്യൻ. ക്രിസ്തുവിനോടുള്ള സ്നേഹം പങ്കുവെയ്ക്കപ്പെടാൻ പാടില്ല, അത്രതന്നെ. ത്യാഗപൂർണ്ണമായ ശിഷ്യത്വമാണത് (Sacrificial discipleship). അങ്ങനെവരുമ്പോൾ അത് വാളായി മാറും. കുടുംബബന്ധങ്ങളിൽ പോലും സംഘർഷവും ഭിന്നതയും കലഹവും സൃഷ്ടിക്കുന്ന, ബന്ധങ്ങളെ കീറിമുറിക്കുന്ന വാൾ. സഹോ, ഈ വാളിന്റെ വായ്തലയ്ക്ക് നിരന്തരം ഇരയാകേണ്ടവനാണ് ഓരോ ശിഷ്യനും. 'സ്വന്തം ക്രൂശ് വഹിച്ചുകൊണ്ട് എന്നെ അനുഗമിക്കാത്തവരും എനിക്കു യോഗ്യരല്ല' എന്നാണ് പിന്നീട് ക്രിസ്തു പറയുന്നത്. കുരിശ് മരണത്തിന്റെ ഒരു ഉപകരണമാണ് (Instrument of death). അത് അങ്ങേയറ്റം കഷ്ടപ്പാടും പിന്നീട് മരണവും നൽകാൻ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. ആ കുരിശാണ് നാം ഏറ്റെടുക്കേണ്ടതെന്ന് യേശു പറയുന്നത്. സഹോ, അതത്ര എളുപ്പമല്ല കേട്ടോ! കുരിശ് കഷ്ടതയെയും സഹനത്തെയും, മരണത്തെയുമാണ് പ്രതിനിധാനം ചെയ്യുന്നത്. ഇവയൊക്കെ ഒഴിഞ്ഞുള്ള ശിഷ്യത്വം സാധ്യമല്ല. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ സ്വജീവൻ പോലും ചവറുപോലെ എണ്ണി ക്രിസ്തുവിനായി ജീവിക്കണം. 'ക്രിസ്തുവിനുവേണ്ടി സ്വന്ത ജീവനെ നഷ്ടപ്പെടുത്തുന്നവൻ അതിനെ നേടുമെന്നാണ്' പറയുന്നത്. ഒരു വശത്തു നഷ്ടപ്പെട്ടുവെന്നു ലോകം പറയുമ്പോഴും ദൈവരാജ്യത്തിൽ അതു നേടിക്കഴിഞ്ഞിരിക്കുന്നു. നമ്മൾ എപ്പോഴും അന്വേഷിക്കുന്നത് ഇപ്പോൾ ലഭിക്കാൻ സാധ്യമായ, ഒട്ടും സങ്കീർണ്ണതകൾ ഇല്ലാത്ത ഏറ്റവും സുഖപ്രദമായ ജീവിതമാണ്. പക്ഷേ അവിടെ ജീവൻ നഷ്ടപ്പെടുന്നുവെന്നാണ് ക്രിസ്തു പറയുന്നത്. നിത്യമായ ജീവൻ അവിടെ മറന്നു പോകുന്നു. ക്രിസ്തുവിനോടുള്ള ബന്ധത്തിൽ (in connection with Christ) മാത്രമാണ് യഥാർത്ഥ ജീവനും ജീവിതവും കണ്ടെത്തുന്നത്.

ശിഷ്യനാകുവാൻ ഇറങ്ങത്തിരിച്ചവനോട് ഇനിയൽപ്പം ആശ്വാസവാക്കുകൾ ആണ് ക്രിസ്തുവിനു പറയാനുള്ളുത്. 'നിങ്ങളെ സ്വീകരിക്കുന്നവർ എന്നെ സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കുന്നവരോ എന്നെ അയച്ച പിതാവിനെ സ്വീകരിക്കുന്നു'. നിങ്ങളെ സ്വീകരിക്കുന്നവർ എന്നെ സ്വീകരിക്കുന്നു എന്നു പറഞ്ഞാൽ ഇന്നുമുതൽ 'നിങ്ങൾ നിങ്ങളല്ല, ഞാൻതന്നെയാണ്' എന്നല്ലേ അതിന്റെയർത്ഥം. അവന്റെ നാമത്തിൽ ഇറങ്ങിത്തിരിക്കുന്ന ഓരോ ശിഷ്യനും അവൻ തന്നെ ആണ്. ഇനി അങ്ങനെയുള്ള നിങ്ങളെ സ്വീകരിക്കുന്ന മനുഷ്യർ എന്നെത്തന്നെയാണ് സ്വീകരിക്കുന്നത്. എന്നെ സ്വീകരിക്കുന്നവർ എന്റെ പിതാവിനെയാണ് സ്വീകരിക്കുന്നത്. എല്ലാവരും ഓരോ ക്രിസ്തുവായി മാറുകയാണ്. പതിയെ പതിയെ ഒരു ക്രിസ്തുസമൂഹം (Christ-community) തന്നെ രൂപപ്പെടുന്നു. ശിഷ്യത്വത്തെപ്പറ്റി ബോൺഹോഫർ ഇങ്ങനെ പറയുന്നുണ്ട്: 'അവർ ഇനിമുതൽ ക്രിസ്തുവിന്റെ സഹ

**തിയോളജിക്കൽ ഫോറം മീറ്റിംഗ്**

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ പാമ്പാക്കുട എക്യുമെനിക്കൽ സ്റ്റഡി & ഡയലോഗ് സെന്ററിൽ വച്ച് എല്ലാ മാസവും നടത്തിവരുന്ന ഓർത്തഡോക്സ് തിയോളജിക്കൽ ഫോറം മീറ്റിംഗ് 2024 ജൂൺ 11 ചൊവ്വാഴ്ച നടന്നു. യോഗത്തിൽ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോൺ വി. ജോൺ, ഡീ. ലിജിൻ ജോൺ എന്നിവർ ബൈബിൾ പഠനങ്ങൾക്ക് നേതൃത്വം നൽകി. Fr. Alexander Schmemann രചിച്ച Of Water & The Spirit A Liturgical Study of Baptism എന്ന പുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള കൂദാശ പഠനത്തിന് ഫാ. എബ്രഹാം കാരാമ്മേൽ നേതൃത്വം നൽകി. മീറ്റിംഗിൽ 20 ഓളം വൈദികരും വൈദിക വിദ്യാർത്ഥികളും പങ്കെടുത്തു. ഫോറം കൺവീനർ ഫാ. ജിജോ മത്തായി മീറ്റിംഗിന് നന്ദി പ്രകാശിപ്പിച്ചു.

പ്രവർത്തകരാണ് (co-workers). എല്ലാകാര്യത്തിലും ക്രിസ്തുവിനെപ്പോലെ (Christ-like) ആയിരിക്കും. ആരുടെ അടുത്തേക്ക് അവരെ അയച്ചുവോ, അവർക്ക് ശിഷ്യനെ കാണുമ്പോൾ ക്രിസ്തുവിനെ കണ്ട പ്രതീതി ലഭിക്കണം. അവരെ ഒരു വീട്ടിലേക്ക് സ്വാഗതം ചെയ്യുമ്പോൾ, ക്രിസ്തു അവരോടൊപ്പം പ്രവേശിക്കുന്നു. അവർ അവന്റെ സാന്നിദ്ധ്യം വഹിക്കുന്നവരാണ് (Bearers of Christ's presence). അവർ ഈ ലോകത്തിലെ ഏറ്റവും വലിയ സമ്മാനം, 'യേശുക്രിസ്തുവാകുന്ന സമ്മാനവുമായി' വരുന്നു'. ഓരോ ശിഷ്യനും ലോകത്തിനു ക്രിസ്തുവിനെ സമ്മാനിക്കുന്നവൻ ആകണം.

അതിരുകളില്ലാത്ത, എന്നാൽ ഉപാധികളോട് കൂടിയ ആതിഥ്യ മര്യാദയെ (hospitality) പറ്റിയാണ് അവസാനമായി ക്രിസ്തു സംസാരിക്കുന്നത്. ഒരു ക്രിസ്തുശിഷ്യനെ എന്തിന് സ്വീകരിക്കണം/അംഗീകരിക്കണം.പ്രവാചകനെ സ്വീകരിക്കുന്നവന് പ്രവാചകനെപ്പോലെയും നീതിനിഷ്ഠനെ സ്വീകരിക്കുന്നവന് നീതിനിഷ്ഠനെപ്പോലെയും പ്രതിഫലം ലഭിക്കും. ഇതൊരു വലിയ ആശ്വാസമാണ്. കർത്തൃനാമത്തിൽ നാം ചെയ്യുന്ന ഒരു ശുശ്രൂഷയും അവന്റെ ശ്രദ്ധയിൽ പെടാതെ പോകുന്നില്ല. ചുറ്റുമുള്ള ആളുകൾ ഒരുപക്ഷേ കണ്ടെന്നു വരികയില്ല. കണ്ടിട്ടും കണ്ടില്ലെന്നു നടിക്കുന്നവരുമുണ്ട്. നാം ചെയ്യുന്ന ശുശ്രൂഷയ്ക്കു എന്തെങ്കിലും മൂല്യമുണ്ടെന്നു അവർ കരുതുന്നുമില്ലായിരിക്കും. നമ്മുടെ ഇടയിൽ സുവിശേഷം പങ്കുവെയ്ക്കാൻ പ്രവർത്തിക്കുന്നവരെ പിന്തുണക്കുവാനും കരുതുവാനുമുള്ള കടമ നമുക്കുണ്ടെന്നുള്ളതും ഇവിടെ സ്പഷ്ടമാണ്. ആരെങ്കിലും നിന്റെ ആത്മാർത്ഥമായ ശുശ്രൂഷയെ സ്വീകരിച്ചാൽ അവർക്ക് നിശ്ചയമായും തക്ക പ്രതിഫലം ലഭിക്കും. ദൈവം നമ്മെ ഏൽപ്പിച്ച നിയോഗങ്ങൾ നിർവഹിക്കുമ്പോൾ മറ്റുള്ളവരിൽ നിന്നും പ്രതിഫലമൊന്നും ലഭിച്ചില്ലെന്നു വരാം. വാളും കുരിശും മാത്രമായിരിക്കും അവസാനം. സാരമില്ല, ശുശ്രൂഷയിലുള്ള നിന്റെ ആത്മാർത്ഥതക്കും വിശ്വസ്ഥതക്കും അനുസരണത്തിനും ദൈവം പ്രതിഫലം നൽകുമെന്ന് മാത്രം ഓർത്താൽ മതി.

വാക്കുകളുടെ ഉള്ളിൽ ഒളിപ്പിച്ച ഒരു രഹസ്യംകൂടി പറഞ്ഞു നിർത്താം... പ്രവാചകനെ പ്രവാചകനെന്ന നിലയിൽ സ്വീകരിക്കുന്നവൻ, നീതിമാനെ നീതിമാൻ എന്ന നിലയിൽ സ്വീകരിക്കുമ്പോൾ അവർക്കു ലഭിച്ച അതേ പ്രതിഫലം നമ്മുക്കും ലഭിക്കും. എന്താണ് അവർക്കു ഈ ലോകത്തിൽ ലഭിച്ച പ്രതിഫലം. കഷ്ടതയും വാളും കുരിശുമരണവുമൊക്കെ തന്നെ. അതുമതി. അവനു വേണ്ടി ജീവിക്കാം, വേണ്ടിവന്നാൽ മരിക്കാം... പ്രതിഫലം സ്വർഗ്ഗം നൽകട്ടെ.

---

*10-ാം പേജ് തുടർച്ച*

ഉപഭോക്താക്കൾക്കുവേണ്ട കാര്യങ്ങൾ മെച്ചപ്പെടുത്തുക, സാമ്പത്തിക ക്രമക്കേടുകൾ കണ്ടുപിടിക്കുക, സൂക്ഷ്മതയോടെ ബാങ്ക് ഇടപാടുകൾ നടത്താനും തട്ടിപ്പുകൾ തടയാനും സഹായിക്കുക എന്നീ ഗുണങ്ങൾ അനുഭവിക്കാൻ കഴിയുമെങ്കിലും സാമ്പത്തിക തട്ടിപ്പുകൾ നടത്താൻ ഹൈടെക് കള്ളന്മാർ ഇതേ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നുമുണ്ട്. എല്ലാ മേഖലയിലും എന്നപോലെ ധന കാര്യമേഖലയിലും മനുഷ്യരുടെ തൊഴിലവസരങ്ങൾ കുറയുകയുണ്ടായി.

മനുഷ്യരുടെ തലച്ചോറിൽ അടങ്ങിയിരിക്കുന്നത് 7000-8500 കോടി ന്യൂറോണുകളാണ്. അതിന്റെ പത്തിരട്ടിയിൽ അധികം ന്യൂറോണുകൾ കൊണ്ടാണ് AI സജ്ജമാക്കിയിരിക്കുന്നത്. ഒരു മനുഷ്യന് ഉൾക്കൊള്ളാൻ കഴിയുന്നതിന്റെ പത്തിരട്ടി വിവരങ്ങൾ AI ക്ക് സൂക്ഷിക്കാനും ഉപയോഗിക്കാനും കഴിയും. എത്രത്തോളം ശേഷിയുണ്ടെന്ന് അവകാശപ്പെട്ടാലും മനുഷ്യരുടെ അത്രയും വിവേചനബുദ്ധി AI ക്ക് ക്ക് ഇല്ലാ എന്നുള്ളതും മനുഷ്യബുദ്ധിയുടെ മേന്മയായി നിലകൊള്ളുന്നു.

AI രംഗത്ത് കൂടുതൽ സുരക്ഷിതത്വവും പൊതുജനങ്ങൾക്ക് അനുകൂലമായ നിയമങ്ങളും ഉണ്ടാകേണ്ടതുണ്ട്. കൂടാതെ ഗൂഗിൾ പോലെയുള്ള സാങ്കേതിക ഭീമന്മാർക്കും ഇത് ഭീഷണി ഉയർത്തി കഴിഞ്ഞു. AI യെ വെല്ലുന്ന സെർച്ച് എൻജിൻ നിർമ്മിക്കാനുള്ള നീക്കങ്ങളും അണിയറയിൽ നടക്കുന്നുണ്ട്.

എന്നിരുന്നാലും സ്വതവേ മടിയും അലസതയും ഉള്ള മനുഷ്യർ AI ക്ക് കീഴ്പ്പെട്ടു പോകുവാനാണ് സാധ്യത. ഓരോ വ്യക്തിക്കും AI ഉപയോഗിച്ച് നേട്ടങ്ങൾ കൊയ്യാം എന്നിരിക്കെ മനുഷ്യർ അവരവരിലേക്ക് ചുരുങ്ങിപ്പോകാൻ ഇടയുണ്ട്. സമൂഹജീവിയായ മനുഷ്യർ സാങ്കേതികതയുടെ പുത്തൻ മേച്ചിൽ പുറങ്ങളിൽ മാത്രം ഒതുങ്ങിയേക്കാം. മാനുഷിക മൂല്യങ്ങൾ നശിച്ച സാങ്കേതികതയുടെ ഉൽപ്പന്നങ്ങളായി മനുഷ്യസമൂഹം മാറുമോ? ഒരു നൂറു വർഷങ്ങൾക്കപ്പുറം കുഞ്ഞുങ്ങളെ പ്രസവിച്ച് മുലയൂട്ടി വളർത്തുന്ന അമ്മമാർ പഴങ്കഥകൾ ആയി മാറിയേക്കാം. കുഞ്ഞുങ്ങളെ പരീക്ഷണശാലകൾ സൃഷ്ടിച്ചേക്കാം. കൃത്രിമബുദ്ധിയുമായി ജീവിക്കുന്ന യന്ത്രം മനുഷ്യർക്കും സമാനമായ മനുഷ്യരെക്കൊണ്ട് ലോകം നിറഞ്ഞേക്കാം. കാലത്തിന്റെ മാറ്റങ്ങൾക്കൊത്ത് സൈബോർഗുകളുടെ (Cyborg) ഒരു തലമുറ ഭൂമിയിൽ ഉടലെടുക്കും. മനുഷ്യൻ എന്ന പേര് തന്നെ അപ്രസക്തമാകും.

*കടപ്പാട്: ദീപനാളം*

# വീട്ടു സഭകളും (House Churches) സ്ത്രീകളും

ജിജി ജോൺസൺ

**പെ**ന്തക്കോസ്തിക്കുശേഷം സഭ വളരാനാരംഭിച്ചു. അപ്പോസ്തോലന്മാരുടെ പ്രബോധനം കേട്ടും അത്ഭുതങ്ങളും അടയാളങ്ങളും കണ്ടും വിശ്വസിച്ചവർ സ്നാനം ഏറ്റ് സഭയോട് ചേർന്നു കൊണ്ടിരുന്നു. അവർ ഒരുമിച്ച് കൂടി തിരുവചനം വായിക്കുകയും പഠിക്കുകയും ഒരുമിച്ച് ആരാധിക്കുകയും അപ്പം നുറുക്കുകയും കൂട്ടായ്മ ആചരിക്കുകയും ചെയ്തുപോന്നു. ആദിമസഭയിൽ ക്രിസ്തീയ കൂട്ടായ്മയും പ്രാർത്ഥനയും പ്രധാനമായും നടന്നിരുന്നത് സ്വകാര്യ ഭവനങ്ങളിലാണ്. കാരണം ആദ്യ നൂറ്റാണ്ടുകളിൽ സഭ നിയമ വിധേയമാക്കിയിട്ടില്ലാത്തതിനാലും തീവ്രമായ പീഡനം നേരിട്ടുകൊണ്ടിരുന്നതിനാലും പൊതു ഇടങ്ങളിൽ കൂടിവരവ് ബുദ്ധിമുട്ട് ഏറിയതായിരുന്നു. അതുകൊണ്ട് ആരാധനക്കായി വിവിധ ഇടങ്ങളിലുള്ള ഭവനങ്ങളിൽ കൂടിവരികയും അവയെ വീട്ടു സഭകൾ/house churches എന്നറിയപ്പെടുകയും ചെയ്തു. AD 313 ൽ കോൺസ്റ്റന്റയിൻ ക്രിസ്തു മതം നിയമ വിധേയമാക്കുന്നതു വരെ ഇത് തുടർന്നുവന്നു. ആദ്യത്തെ ഭവന കൂട്ടായ്മ Acts:1:13 ൽ 'അവർ പാർത്ത മാളികമുറിയിൽ പ്രാർത്ഥനക്കായ് ഒത്തുകൂടിയതായി' കാണാൻ സാധിക്കുന്നു. വീണ്ടും Acts2:46 ൽ '...അവർ വീടുതോറും അപ്പം നുറുക്കുകയും...' എന്ന പരാമർശം, വിശ്വാസികൾ തങ്ങളുടെ ആരാധനാനുഭവത്തിന്റെ ഭാഗമായി ഭക്ഷണത്തിനും കൂട്ടായ്മക്കുമായി പതിവായി വീടുകളിൽ കൂടിയിരുന്നതായി സൂചിപ്പിക്കുന്നു. ഫിലമൻ 1:2 ൽ പൗലോസ് അവിടെ കൂടുന്ന വീട്ടുസഭയെ വന്ദനം ചെയ്യുന്നു. അന്ന് വിശ്വാസികൾ ആരാധനക്കായി കൂടിവന്നിരു ന്നത് ഇത്തരം വീട്ടു സഭകളിലായിരുന്നു എന്നതിന് നിരവധി ഉദാഹരണങ്ങൾ കാണാം. ഉദാ: (Acts:13, 2:46,12:12, 16:12-15,40, 1Cor:16:19, Rom:16:23, Rom;16:25, Col:4:15, philemon:1:2 etc.)

ആരാധനയ്ക്കും കൂട്ടായ്മക്കുമുള്ള ഇടങ്ങൾ എന്നതോടൊപ്പം തന്നെ, വിശ്വാസികളുടെ ഇടയിൽ ആഴമേറിയ ബന്ധങ്ങൾ ശക്തമാക്കാനും പ്രാദേശിക സമൂഹങ്ങളുടെ ക്ഷേമത്തിന് കൂടുതൽ ഊന്നൽ നൽകാനും ശ്രമിച്ചിരുന്നു. അതിനായി സകലവും പൊതുവകയായി കണക്കാക്കുകയും തങ്ങളുടെ വസ്തുക്കൾ ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും ചെയ്തുപോന്നു.

**വീട്ടുസഭകളും സ്ത്രീകളുടെ ശുശ്രൂഷയും:**

ക്രിസ്തീയ സഭയിൽ നിർണായകമായ ഒരു ഘടകമാണ് ആദിമ സഭയിൽ സ്ത്രീകൾവഹിച്ചിരുന്ന മഹത്തായ പങ്ക്. ആദ്യകാല വളർച്ചയിൽ സ്ത്രീകളുടെ ഗണ്യമായ പങ്കാളിത്തം പലതവണ സാക്ഷ്യപ്പെടുത്തുന്നു. അന്ന് സ്ത്രീകൾ സജീവരായിരുന്നതിൽ അതിശയിക്കാനില്ല. യേശുവിന്റെ ജനനം, ശുശ്രൂഷ, മരണം, ഉയിർപ്പ് തുടങ്ങിയവയിലെല്ലാം അവർ കൂടെയുണ്ടായിരുന്നല്ലോ. ക്രൂശീകരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും സാക്ഷികളായ അവർ പരിശുദ്ധാത്മാവിന്റെ ആവാസത്തിനായി ഒരുമനപ്പെട്ട് പ്രാർത്ഥിച്ചിരുന്നതായി കാണാം. സഭയുടെ ആദ്യകാലങ്ങളിൽ ഈ ഇടപെടൽ തുടർന്നിരുന്നു. റോമൻ സാമ്രാജ്യത്തിലെ നഗരങ്ങളിൽ ഉടലെടുത്ത വീട്ടു സഭകളുടെ നേതൃത്വ നിരയിൽ നിരവധി സ്ത്രീകൾ സേവന മനുഷ്ഠിച്ചിരുന്നു. പ്രിസ്കില്ല, ക്ലോവ, ലുദിയ, ആഫിയ തുടങ്ങി നിരവധി ഉദാഹരണങ്ങൾ കാണാം. വീട് സ്ത്രീകളുടെ പ്രവർത്തന മേഖലയായതിനാൽ തന്നെ വീട്ടു സഭകളുടെ നേതൃത്വം ഏറ്റെടുത്ത് ആദിമ സഭയുടെ പ്രവർത്തനങ്ങളിലെല്ലാം സജീവമായ പങ്ക് വഹിക്കാൻ അവർക്ക് സാധിച്ചിരുന്നു. അന്യോന്യം പഠിപ്പിച്ചും പരസ്പരം പിന്തുണ നൽകിയും സാമ്പത്തികമായ കൈത്താങ്ങൽ നൽകിയും ശക്തമായ ഒരു സമൂഹമായി അവർ വളർന്നു.

**സ്ത്രീകളുടെ നേതൃത്വത്തിലുള്ള ചില വീട്ടുസഭകൾ:**

മറിയയുടെ ഭവനം: (Acts:12:12)

ഈ മറിയ സുവിശേഷകനായ മർക്കോസിന്റെ അമ്മയായിരുന്നു. യരുശലേമിൽ താമസിച്ചു ആദ്യത്തെ ക്രിസ്ത്യാനികളായവരിൽ ഒരാളായിരുന്നു. ഈ ഭവനം സഭാ ശുശ്രൂഷക്കായി വിട്ടുകൊടുത്തിരുന്നു.

ലുദിയ: (Acts:16:40)

പൗലോസിന്റെ രണ്ടാമത്തെ മിഷനറി യാത്രക്കിടെ സുവിശേഷം പ്രസംഗിക്കുവനായി യൂറോപ്പിലേക്ക് കടക്കുന്നതിനിടെയാണ് ഫിലിപ്പിയിൽ രക്താംബരം വിറ്റു കൊണ്ടിരുന്ന ദൈവഭക്തയായ

ലുദിയയെ കണ്ടുമുട്ടിയത്. അവളും കുടുംബവും സ്നാനം ഏറ്റ് സഭയോട് ചേരുകയും തന്റെ ഭവനം ആരാധനക്കും സുവിശേഷ പ്രവർത്തനത്തിനായി വിട്ടുകൊടുക്കുകയും ചെയ്തു.

പ്രിസ്കില്ലയുടേയും അക്വിലാവിന്റെയും സഭ: (Rom:16:3-5)

പൗലോസ് തന്റെ രണ്ടാം മിഷനറി യാത്രക്കിടെ കൊരിന്തിലെത്തിയപ്പോഴാണ് ഈ ദമ്പതികളെ കണ്ടുമുട്ടുന്നതായി പരാമർശിക്കുന്നത് (Act:18:1-2). കൂടാരപ്പണി ചെയ്തുകൊണ്ടിരുന്ന ഇവർ കൊരിന്തിൽ തന്നെ താമസമാക്കുകയും പൗലോസിനെ തങ്ങളുടെ ഭവനത്തിൽ താമസിപ്പിക്കാനും ശുശ്രൂഷയിൽ പങ്കാളിയാകാനും സാധിച്ചു. അവിടെ അവർക്ക് റോമിലെപോലെ തന്നെ വീട്ടുസഭയുണ്ടായിരുന്നു (1 Cor:16:19). പൗലോസ് എഫേസോസിലേക്ക് പോയപ്പോൾ ഈ ദമ്പതികൾ അവനെ അനുഗമിക്കുകയും അവർ എഫേസോസിൽ താമസിച്ചുകൊണ്ട് തങ്ങളുടെ വീട് പള്ളിയായി ഉപയോഗിക്കുകയും ചെയ്തു. ഇവർ പിന്നീട് റോമിലേക്ക് മടങ്ങുകയും അവിടെ മറ്റൊരു വീട്ടു സഭ സ്ഥാപിക്കുകയും ചെയ്തതായി റോമാ ലേഖനത്തിൽ പരാമർശിക്കുകയും ചെയ്യുന്നു.

നുംഫെയുടെ വീട്ടു സഭ:
(കൊലോ സ്യർ: 4:15)

പൗലോസ് കൊലോസ്യയിലെ ക്രിസ്ത്യാനികൾക്ക് കത്തെഴുതിയപ്പോൾ ക്രിസ്ത്യൻ സമൂഹത്തിന് കൊടുക്കുന്ന ആശംസകൾക്കൊപ്പം നുംഫെക്കും പ്രത്യേകം ആശംസ നൽകുന്നു. കാരണം അവളുടെ വീട് പള്ളിയായി ഉപയോഗിച്ചിരുന്നു.

ആദിമ സഭയിൽ ക്രിസ്തീയ സന്ദേശം പ്രചരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ സജീവ സാന്നിദ്ധ്യം ഉള്ളതായി ഇനിയും ധാരാളം തെളിവുകൾ പൗലോസിന്റെ ലേഖനങ്ങളിലും അപ്പോസ്തോല പ്രവർത്തികളിലും കാണാൻ സാധിക്കും. സ്ത്രീകൾഏർപ്പെട്ടിരുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളുടെ സൂചനകൾ ലേഖനങ്ങളിലൂടെ ലഭിക്കുന്നുണ്ട്. മിഷനറി പ്രവർത്തനങ്ങളിൽ സജീവരായിരുന്ന പ്രിസ്കില്ല, യൂനിക്ക, യൂലിയ, നെരയൂസിന്റെ സഹോദരി തുടങ്ങിയവരെ പൗലോസ് അഭിവാദ്യം ചെയ്യുന്നുണ്ട് (Rom: 16:3,7,15). തന്നെ രക്ഷിക്കാനായി പ്രിസ്കില്ലയും ഭർത്താവും തങ്ങളുടെ ജീവൻ പണയപ്പെടുത്തിയതായി പരാമർശിക്കുന്നുണ്ട്. മറിയയും പേർസിസും അവരുടെ കഠിനാദ്ധ്വാനത്തിന് പ്രശംസ അർഹിക്കുന്നു. (Rom:16:6,12). സുവിശേഷ പ്രവർത്തനങ്ങളിൽ യുവോദിയയും സിന്തിക്കയും അവന്റെ സഹപ്രവർത്തകരെന്ന് വിളിക്കുന്നു. (Phil:4:2-3). ആരാധനയിൽ സ്ത്രീകൾ വഹിച്ചിരുന്ന പ്രധാന പങ്കിനെ കുറിച്ചും പരാമർശിക്കുന്നുണ്ട്. ഫെബയെ ഡീക്കനസ്/ശെമ്മാശിനി എന്നാണ് വിശേഷിപ്പിക്കുന്നത്. (Rom:16:1). ആരാധനക്കിടെ പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യുന്നതായി കാണുന്നു (1 Cor: 11). പ്രതിസന്ധികളുടെ മധ്യത്തിൽ സഭയുടെ വളർച്ചയുടെ ചാലകശക്തി സ്ത്രീകളായിരുന്നു എന്ന് ബൈബിൾ വ്യക്തമായി കാണിച്ചുതരുന്നു.

പിന്നീട് ക്രിസ്തീയ സഭക്ക് നിയമപരമായ അംഗീകാരം കിട്ടുകയും സ്വതന്ത്രമായി വളർച്ച നേടുകയും ചെയ്തപ്പോൾ അധികാരഘടനകൾ കുറച്ചുകൂടി കാഠിന്യമുള്ളതായി തീർന്നു. ഭരണസംവിധാനം hierarchical ആയപ്പോൾ സഭയുടെ ജനകീയത നഷ്ടപ്പെടാനും ഇടയായി. മാത്രവുമല്ല ദയറാകളിൽ നിന്നുള്ളവർ നേതൃത്വത്തിലേക്ക് വരാനാരംഭിച്ചപ്പോൾ സ്ത്രീകളെ അരികിലേക്ക് പിൻതള്ളി.

**വീട്ടുസഭകളുടെ പ്രയോജനങ്ങൾ:**

- സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ ദൈവം നൽകിയിട്ടുള്ള വരങ്ങൾക്കനുസരിച്ച് എല്ലാവർക്കും സഭാ ശുശ്രൂഷകൾ ചെയ്യാൻ സാധിക്കുന്നു.
- വീട്ടുസഭകൾ ചെറുതും കുടുംബത്തെ അടിസ്ഥാനമാക്കയിട്ടുള്ളതുമാണ്. അതുകൊണ്ട് തന്നെ കുടുംബം എന്ന സ്ഥാപനത്തിന്റെ പ്രാധാന്യം എല്ലാവരിലേക്കും എത്തുന്നു.
- ചെറിയ കൂട്ടമായതിനാൽ പരസ്പരം അറിയുന്നതിനും ബന്ധങ്ങൾ വളരുന്നതിനും സഹായിക്കുന്നു.
- കൂടുതൽ ഉത്തരവാദിത്വബോധം ഉണ്ടാകാനും യഥാർത്ഥ ശിഷ്യത്വത്തിലേക്ക് അടുക്കാനും സഹായിക്കുന്നു.
- ഒരുമനപ്പെട്ട് കൂട്ടായുള്ള ആരാധന ആത്മീയ വരങ്ങളുടെ വളർച്ചയ്ക്ക് സഹായിക്കുന്നു.
- തിരുവചന പഠനം കാര്യക്ഷമമായി നടക്കുന്നു.
- ജനങ്ങളുടെ ഭൗതിക ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നു...... തുടങ്ങി ഒരുമിച്ച് വളരാൻ പ്രേരണ നൽകുന്ന പ്രയോജനങ്ങൾ കാണാം.

ആദിമസഭയിലെ വീട്ടു പള്ളികളിലുണ്ടായിരുന്ന ഒരു 'കരിസ്മ' ഇന്നത്തെ അധികാരഘടനയിധിഷ്ഠിതമായ സഭയിലുണ്ടോ, അന്നുണ്ടായിരുന്ന ജനാധിപത്യ സ്വഭാവം ഇന്നുണ്ടോ തുടങ്ങിയ ഒരാത്മ പരിശോധന ആവശ്യമല്ലേ? അരികുവത്കരിക്കപ്പെട്ടെങ്കിലും ഇന്നും പരിശുദ്ധാത്മ നിറവോടെ സ്ത്രീകൾ ചെയ്യുന്ന നിശബ്ദ സേവനങ്ങളും പ്രാർത്ഥനകളും സഭയെ മുന്നോട്ട് നയിക്കാൻ സഹായിക്കുന്നുണ്ട് സംശയമില്ല.

RNI No. KERMAL/2012/46014 Date of Publication 15/06/2024 Licence No. KL/CR/ALY/WPP-02/2022-24
Registered. Reg. No. KL/ALY/0067/2022-2024 Price Rs. 10/- Licensed to Post Without Pre-payment

# KANDANAD DIOCESAN BULLETIN



കണ്ടനാട് ഈസ്റ്റ് ഭദ്രാസന മർത്തമറിയം വനിതാ സമാജം വാർഷിക സമ്മേളനം വടകര സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വച്ച് അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു.

## വൈദിക പഠനശിബിരം

കണ്ടനാട് ഈസ്റ്റ് ഭദ്രാസന വൈദിക സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വൈദിക പഠനശിബിരം സമാപിച്ചു. തൊടുപുഴ മാടപ്പറമ്പിൽ റിസോർട്ടിൽ വെച്ച് 2024 മെയ് 15–ാം തീയതി പ്രാർത്ഥനയോടെ ആരംഭിച്ച് 17–ാം തീയതി 4 മണിയോടെ പഠനശിബിരം സമാപിച്ചു. വൈദികരുടെ തുടർ വേദപുസ്തക–വേദശാസ്ത്ര പഠനങ്ങളും ചർച്ചകളും പ്രോത്സാഹിപ്പിക്കുന്നതിനും അത് സഭാശുശ്രൂഷയിൽ വൈദികർക്ക് കരുത്താകുന്നതിനും വേണ്ടിയാണ് എല്ലാവർഷവും ഭദ്രാസന വൈദികസംഘം വൈദിക പഠനശിബിരം ക്രമീകരിച്ചിരിക്കുന്നത്. ഈ വർഷത്തെ പഠനശിബിരത്തിന്റെ മുഖ്യചിന്താവിഷയം വേദപുസ്തകത്തിലെ 'അപ്പോസ്തോല പ്രവർത്തികൾ' എന്ന പുസ്തകത്തെക്കുറിച്ച് ആയിരുന്നു. ഭദ്രാസന വൈദിക സെക്രട്ടറി ഫാ. ഡോ. റെജി അലക്സാണ്ടർ പഠനശിബിരം കോ–ഓർഡിനേറ്റർ ആയിരുന്നു. പഠനശിബിരത്തിൽ 26 വൈദികർ മുഴുവൻ സമയവും പങ്കാളികളായി. പഠനശിബിരത്തിൽ അവതരിപ്പിക്കപ്പെട്ട പേപ്പറുകളും അവതരിപ്പിച്ചവരും മോഡറേറ്റ് ചെയ്തവരും ഈ ഭദ്രാസനത്തിലെ വൈദികരും ശെമ്മാശന്മാരുമാണ്. അവരുടെ പേരുകളും അവതരിപ്പിച്ച പ്രബന്ധങ്ങളുടെ വിഷയങ്ങളും ചുവടെ ചേർക്കുന്നു. ഈ പ്രബന്ധങ്ങൾ ചേർത്ത് ഒരു പഠനഗ്രന്ഥം ഉടനെതന്നെ പുറത്തിറക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.



**Theme : "The Primitive Church: A challenge to our Ministry".**

Topic-1 : Introducing the Book of Acts.
Dr. Thomas Mar Athanasius Metropolitan
Modarator: Fr. Jijo Mathai

Topic-II : Life in the Early Church
Fr. Abraham Karamel
Modarator: Fr. Abin Abraham

Bible Study : Fr. Eldho John (Acts 9:1-16)

Topic-III : Origin and Development of Ministries
Fr. Sibi Mathew Varghese
Modarator: Dn. Basil Joy

Topic-IV : The Role of laity in the Expansion of the Church
Bs. Jiji Johnson
Moderator: Dn. Jovin Joshy

Topic-V : Crisis and Solutions in the Early Church
Fr. John V. John
Moderator: Dn. Joseph James

Topic-VI : Reflections on the Missionary Journeys of Paul
Fr. Binoy John
Modarator: Fr. Dr. John Eraniakulathil

Topic-VII : Factors that contributed to the rapid expansion of the Early Church
Fr. Ajeesh Babu
Modarator: Fr. Babu Abraham

Topic-VIII : The Early Church and the Jewish Community
Fr. Alias K. V.
Modarator: Fr. Shibu Kurian

Bible Study : Fr. Elias Cherukattu
(Acts 14:8-15)

Topic-IX : Charisma and Office: The ideal leadership pattern in the Early Church
Fr. Dr. Augustine Pullukalayil
Modarator: Fr. Thomas Paul Remban

Topic-X : The Role of the Holy Spirit in the Book of Acts
Fr. Aby P. U.
Modarator: Dn. Lijin John

Topic-XI : A Comparative study of the major speeches in the Acts
Fr. Geevarghese Baby
Modarator: Fr. Dr. Reji Alexander

Topic-XII : Lessons from the Primitive Church for our Ministry-General Discussions
Modarator: Fr. Dr. Rajan George

Plenary

Prayer & Benediction

Printed and published by Fr. Abraham Karamel, Secretary, Kandand East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor: P. J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha, Ph: 9846869426